## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 121 | 10.3.2008 ന് മറുപടിക്ക് |
|---|---|

# മരുന്നുകളുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. സി.എം. ദിനേശ്മണി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീമതി. കെ.കെ. ലതിക | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) മരുന്നുകളുടെ വിലവർദ്ധനയ്ക്കുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) ഉണ്ട്.<br>ഔഷധങ്ങളുടെ വിലനിയന്ത്രിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്പോൾ വളരെക്കുറച്ച് ഔഷധങ്ങൾക്കുമാത്രമേ വില നിയന്ത്രണം ഉള്ളൂ. പല രോഗങ്ങൾക്കും വില നിയന്ത്രണം ഇല്ലാത്ത മരുന്നുകളും പലപ്പോഴും രോഗികൾക്ക് നൽകേണ്ടിവരുന്നുണ്ട്. അങ്ങനെയാണ് പലപ്പോഴും മരുന്നിന് കൂടുതൽ വില നൽകേണ്ടിവരാറുള്ളത്. |
| ബി) മരുന്നുകളുടെ വിലവർദ്ധന തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിട്ടിയാണ് ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഉത്തരവനുസരിച്ച് വില നിശ്ചയിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതിയുണ്ട്. |
| സി) മരുന്നു കമ്പനികൾ മരുന്നുകളുടെ വിലവിവര പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) മരുന്നു കമ്പനികൾ മരുന്നുകളുടെ വില വിവരപ്പട്ടിക സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) ഔഷധങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; അവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സ്ഥിരം സംവിധാനമുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ വിവിധ മെഡിക്കൽ ഷോപ്പുകളിൽ നിന്നും സർക്കാർ ആശുപത്രികളിൽ നിന്നും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും സർവേ സാമ്പിളുകളുമായി ശേഖരിക്കുന്ന മരുന്നുകൾ സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിങ് ലബോറട്ടറിയിലേക്ക് ഗുണനിലവാര പരിശോധനയ്ക്കായി അയക്കുന്നു |

| | |
|---|---|
| | പരിശോധന നടത്തിയ ശേഷം റിപ്പോർട്ട് ചീഫ് ഗവൺമെൻറ് അനലിസ്റ്റ് ഡ്രഗ്സ് കൺട്രോളറെയും ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർമാരേയും അറിയിക്കും. ഗുണ നിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ വിതരണവും വിൽപ്പനയും തടയുന്നതിനാവശ്യമായ നടപടികൾ ഡ്രഗ്സ് കൺട്രോളർ സ്വീകരിക്കുന്നു. നിലവിലുള്ള ഗുണനിലവാര പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിങ് ലബോറട്ടറിയുടെ നവീകരണവും, എറണാകുളത്ത് പുതിയ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിങ് ലബോറട്ടറിയുടെ നിർമ്മാണത്തിനുള്ള നടപടിയും എടുത്തുവരുന്നു.സർക്കാർ ആശുപത്രികളിലേയ്ക്ക് സി.പി.സി. വഴി വിതരണം ചെയ്യുന്ന ഔഷധങ്ങളുടെ കാര്യത്തിൽ മരുന്നു വിതരണം നടത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട കമ്പനികൾ സമർപ്പിക്കുന്ന മരുന്നു സാമ്പിളുകൾ ഡ്രഗ്സ് കൺട്രോളറെ ഏൽപ്പിച്ച് ഡ്രഗ്സ് കൺട്രോളറുടെ തന്നെ ലാബിലും അക്രഡിറ്റേഷൻ ലഭിച്ച മറ്റു ലാബുകളിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിനു പുറമെ കമ്പനികൾ മരുന്നു സപ്ളൈ ചെയ്യുന്ന സമയത്ത് അതത് ബാച്ചുകൾ അക്രഡിറ്റഡ് ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 122: 10..03..2008 - ൽ മറുപടിക്ക്

**ചെറുകിട വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

ചോദ്യം | ഉത്തരം


ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ എം. ജെ. ജേക്കബ്:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ശ്രീ. പി. ടി. എ. റഹീം.
ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)


| | | | |
|---|---|---|---|
| (എ) | വ്യവസായ നയത്തിൽ ചെറുകിട വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (എ) | ചെറുകിടവ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്.<br>1. ചെറുകിട വ്യവസായ സംരംഭകർക്ക് ഭൂമി ലഭ്യത, പ്രകൃതി, വിസ്തീർണ്ണം, മൂല്യം തുടങ്ങിയ നിർണ്ണായക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഭൂമി വിവര ബാങ്ക് രൂപീകരിക്കും.<br>2. വ്യവസായ - വാണിജ്യ ആവശ്യത്തിന് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കും.<br>3 മലിനീകരണ നിയന്ത്രണം, മാലിന്യ സംസ്ക്കരണം എന്നീ മേഖലകളെ സഹായിക്കുന്നതിനായി പ്രോത്സാഹന പദ്ധതി മൊത്തം ചെലവിന്റെ 50 ശതമാനം ഉയർന്ന പരിധി (25 ലക്ഷം രൂപ) നടപ്പിലാക്കി വരുന്നു.<br>4. കേന്ദ്ര സർക്കാരിന്റെ എം.എസ്സ്. എം.ഇ. ആക്ടിനനുസൃതമായി എല്ലാതരം വ്യവസായ യൂണിറ്റുകൾക്കും ഇൻസെന്റീവ് നൽകിവരുന്നു.<br>5 ; ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങളും നല്ല തൊഴിൽ സംസ്ക്കാരവും നടപ്പിലാക്കുന്നതിന് മുൻതൂക്കം നൽകിയിട്ടുണ്ട്.<br>ii. എം എസ്സ്. എം. ഇ. കളുടെ വികസനം സാധ്യമാക്കുന്ന തരത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളെ കാര്യക്ഷമമാക്കും. |

| | | | |
|---|---|---|---|
| | | | iii. ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകരണ പദ്ധതികളിൽ നിന്നുള്ള ഫണ്ട് ഉപയോഗപ്പെടുത്തും.<br>iv. തദ്ദേശസ്ഥാപനങ്ങളുടെ ഉപയോഗപ്പെടുത്താത്ത ഭൂമി ഉപയോഗിച്ച് ചെറുകിട സംരംഭങ്ങൾ സ്ഥാപിയ്ക്കും.<br>v. ചെറുകിട സംരംഭങ്ങൾക്ക് ബാങ്കിൽ നിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് ആവശ്യമായ സഹായം വ്യവസായ വകുപ്പ് ഏജൻസികൾ ചെയ്തു കൊടുക്കും.<br>vi. ചെറുകിട സംരംഭകർക്ക് പ്രവർത്തന ച്ചെലവും വിപണനച്ചെലവും കുറയ്ക്കാനും ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനും ശക്തമായ ബ്രാന്റുകൾ വളർത്താനും സഹായിക്കുന്ന തരത്തിൽ വ്യവസായ ക്ളസ്റ്ററുകൾ സ്ഥാപിക്കും. |
| (ബി) | ചെറുകിട വ്യവസായികൾക്കുള്ള പ്രൈസ് പ്രിഫറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ; | (ബി) | ചെറുകിട വ്യവസായികൾക്ക് അനുവദിച്ചിരുന്ന പ്രൈസ് പ്രിഫറൻസ് ഇ. എം. ഡി.-യിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും ഒഴിവാക്കൽ തുടങ്ങിയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | സർക്കാർ ആവിഷ്ക്കരിച്ച ട്രേഡ് ടെക്നോളജി ബിസിനസ്സ് സമ്മിറ്റ് മൂലം ചെറുകിട വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; | (സി) | 2007 സെപ്റ്റംബർ 27-29 വരെ മൂന്നു ദിവസത്തെ ട്രേഡ് ടെക്നോളജി ബിസിനസ്സ് ഷോയിൽ 23 വിദേശ എക്സിബിറ്റേഴ്സ് പങ്കെടുത്തു. ഭക്ഷ്യ കാർഷിക ഉല്പന്നങ്ങൾ, ആയുർവേദ ഔഷധ ഉല്പന്നങ്ങൾ, കയർ-കൈത്തറി കരകൗശലം, മുള, തഴപ്പായ്, റബ്ബർ ഉല്പന്നങ്ങൾ എന്നീ 7 വിഭാഗങ്ങളെ കേന്ദ്രീകരിച്ചാണ് മേള നടത്തിയത്. ആകെ 113 എക്സിബിറ്റേഴ്സ് മേളയിൽ പങ്കെടുക്കുകയുണ്ടായി ഭാരതത്തിൽ നിന്ന് 234-ഉം വിദേശത്ത് നിന്ന് 50-ഉം ഉൾപ്പെടെ 284 ബയ്യേഴ്സ് മേളയിൽ പ്രദർശിപ്പിച്ച ഉൽപന്നങ്ങൾ വാങ്ങുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ ഒരു ഉപഭോക്തൃ സംസ്ഥാനം എന്നതിൽ നിന്നും ഉല്പാദക സംസ്ഥാനം |

| | | | |
|---|---|---|---|
| | | | എന്ന നിലയിലേയ്ക്കുയർത്തുവാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ മേളയുടെ ഏറ്റവും വലിയ നേട്ടം. കൂടാതെ മേളയിൽ പങ്കെടുത്ത വ്യവസായ സംരംഭകർക്ക് പുത്തൻ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നതിനും ഇതു സഹായിച്ചു. |
| (ഡി) | ജില്ലാ വ്യവസായ കേന്ദ്രങ്ങളെ വ്യവസായ വികസന കേന്ദ്രങ്ങളായി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ; | (ഡി) | ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ സഹായങ്ങൾ യഥാസമയം ലഭ്യമാക്കുവാൻ എല്ലാ ജില്ലകളിലും തിരഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി രൂപീകരിച്ച എന്റർപ്രണർ ഗൈഡൻസ് സെല്ലുകളുടെ പ്രവർത്തനം പുരോഗമിയ്ക്കുന്നു. ഒരോ ജില്ലയിലും വിഭവ ലഭ്യതയുടെയും അടിസ്ഥാന സൗകര്യങ്ങളുടേയും പട്ടിക തയ്യാറാക്കി വ്യക്തമായ പ്രവർത്തന രേഖ തയ്യാറാക്കി വരുന്നു. |
| (ഇ) | ഈ സർക്കാർ വന്നശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ പുതുതായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2428 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് (ചെറുകിട സേവന കച്ചവട സംരംഭങ്ങൾ ഉൾപ്പെടെ) സ്ഥിരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട് - (01/10/2006 വരെ). 02/10/2006 മുതൽ എം.എസ്സ്.എം.ഇ.ഡി. ആക്ട് നിലവിൽ വന്നതോടുകൂടി രജിസ്ട്രേഷൻ സമ്പ്രദായത്തിനുപകരം പാർട്ട് II മെമ്മോറാണ്ടം ഫയൽ ചെയ്യുന്ന സംമ്പ്രദായമാണ് നിലവിലുള്ളത്. അതു പ്രകാരം 02/10/2006 മുതൽ 31/12/2007 വരെയുള്ള കാലയളവിൽ 5466 പുതിയ വ്യവസായ സംരംഭങ്ങൾ ( ലഘു - ചെറുകിട - ഇടത്തരം ) പാർട്ട് II - ൽ മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുണ്ട്. |

N.S.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 123 | 10.03.2008-ൽ മറുപടിക്ക്

## ഡാമുകളുടേയും പവർഹൗസുകളുടേയും സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.എ.എം.യൂസഫ്: | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഡാമുകളുടെയും പവർഹൗസുകളുടെയും സുരക്ഷ സംബന്ധിച്ച ഡാം സേഫ്റ്റി അതോറിറ്റി പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; | (എ) ഡാം സേഫ്റ്റി അതോറിറ്റി വിവിധ ഡാമുകൾ സന്ദർശിച്ച് ഉചിതമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും, ശുപാർശകളും ബന്ധപ്പെട്ട അധികൃതർക്ക് നൽകിയിട്ടുണ്ട്. പൊതുജന താത്പര്യത്തെ മുൻനിർത്തിയുള്ള അടിയന്തിര സ്വഭാവമുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും മാത്രമാണ് ഗവൺമെന്റിന് സമർപ്പിക്കേണ്ടത്. |
| (ബി) അതോറിറ്റി നൽകിയിട്ടുള്ള റിപ്പോർട്ടുകളിൽ സംസ്ഥാനത്തെ അണക്കെട്ടുകളിലെ സുരക്ഷ സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് നല്കിയിട്ടുള്ളത്; | (ബി) ജലസേചന വകുപ്പിന്റെ കീഴിലുള്ള ചിമ്മിനി ഡാമിന്റെ ബലപ്പെടുത്തൽ സംബന്ധമായ ഗ്രൗട്ടിംഗ്, ഗണൈറ്റിംഗ്, ഡ്രയിനേജ് ഹോളുകളുടെ നിർമ്മാണം തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്നതിന് ഡാം സുരക്ഷാ അതോറിറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പണികൾ പൂർണ്ണമാകുന്നതുവരെ ജലവിതാനം പൂർണ്ണ ജലനിരപ്പിൽ (FRL) നിന്നും മൂന്നു മീറ്റർ താഴ്ത്തി നിർത്താനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) ബലക്ഷയമുള്ള ഡാമുകൾ ശക്തിപ്പെടുത്തുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ നിർദ്ദേശാനുസരണം ചിമ്മിനി ഡാം ബലപ്പെടുത്തുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മുല്ലപ്പെരിയാറിൽ, നിലവിലുള്ള ഡാമിന്റെ കാലപ്പഴക്കവും ബലക്ഷയവും കണക്കിലെടുത്ത് കൊണ്ട് അതിനു പകരമായി അനുയോജ്യമായ സ്ഥാനത്ത് ഒരു പുതിയ ഡാം പണിയുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും,അതിന്റെ പ്രാരംഭ നടപടിയായി ഒരു സാദ്ധ്യതാപഠനം നടത്തുന്ന |

തിനും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഇറിഗേഷൻ വകുപ്പിലെ IDRB വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിശദമായ പര്യവേക്ഷണം നടത്തുന്നതിനാവശ്യമായ 'ഡീറ്റെയ്ൽഡ് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്' കേന്ദ്ര സർക്കാർ, നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ്, ബഹു: സുപ്രീംകോടതി എന്നിവയുടെ അംഗീകാരത്തിനു വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ 'റിവർ സർവ്വേ' ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 124 — 10.3.08ലെ മറുപടിക്ക്

## ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുധാകരൻ | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി. |
| (എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികകൾ സ്വീകരിച്ചിട്ടുണ്ട്, | (എ) കെ.എസ്.ആർ.ടി.സി. അങ്കമാലി, തമ്പാനൂർ, ഫോർട്ട്, പേരൂർക്കട, കോഴിക്കോട്, മലപ്പുറം ബസ് സ്റ്റേഷനുകളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവുകൾ ജി.ഒ (എം.എസ്) നമ്പർ 42/07/ഗതാ. 25.10.2007, ജി.ഒ (എം.എസ്) നമ്പർ 46/07/ഗതാ. 5.11.2007 എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) ഇതുവരെ ഏതൊക്കെ ബസ് സ്റ്റേഷനുകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്, | (ബി) ആദ്യഘട്ടമെന്ന നിലയിൽ മേൽപ്പറഞ്ഞ 6 എണ്ണം ഉൾപ്പെടെ മുപ്പത് ബസ് സ്റ്റേഷനുകളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്. വിശദമായ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. |
| (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ, | (സി)ബി.ഒ.ടി. വ്യവസ്ഥയിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുവാൻ ഒരു പൊതുമേഖലാസ്ഥാപനമായ കെ.ടി.ഡി.എഫ്.സി യെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.. |
| (ഡി) സംസ്ഥാനത്തെ എല്ലാ ബസ് സ്റ്റേഷനുകളിലും ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ, | (ഡി)കെ.എസ്.ആർ.ടി.സി.യുടെ റവന്യൂ ഇതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് , സാമ്പത്തിബുദ്ധിമുട്ടിന് പരിഹാരം കാണുക എന്ന പദ്ധതിയുടെ ഭാഗമായും യാത്രക്കാർക്കും ജീവനക്കാർക്കും ഏററവും നല്ല സൗകര്യങ്ങൾ നൽകുക എന്ന അടിസ്ഥാനത്തിലുമാണ് ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ഘട്ടം ഘട്ടമായി |

പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമായി മുപ്പത് ബസ് സ്റ്റേഷനുകളും, രണ്ടാം ഘട്ടമായി ഇരുപത്തിഒൻപത് ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(signed)

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

Transport Department – Construction of Bus Terminal Complex Project at Ankamaly – Permission granted to increase the estimated Cost of the Project and to implement it as a joint venture of KSRTC and Kerala Transport Development Finance Corporation - Sanction accorded – Orders Issued.

---

TRANSPORT (A) DEPARTMENT

G.O. (Ms) No.42/2007/Tran. Dated, Thiruvananthapuram, 25.10.2007

Read: 1) GO(MS) No. 22/07/Tran. dated 10.5.2007.
2) Letter No, AB3-37158/05 dated 8.10.2007 from the Chairman & Managing Director, KSRTC.
3) Letter No. 994/SCANK/KTDFC/2007-08 dated 18.10.2007 from the Managing Director, Kerala Transport Development Finance Corporation .

ORDER

The State Government in the Governemnt Order read as the first paper above, have accorded sanction to the Kerala State Road Transport Corporation to entrust the construction of the proposed Shopping Complex at the premises of the Ankamaly Bus Station, on BOT basis to the Kerala Transport Development Finance Corporation , as a pilot project.

2. The Chairman & Managing Director, KSRTC, in his letter read as second paper above has requested to accord sanction to increase the rough cost estimate of the Bus Terminal Complex Project, from Rs. 12,25,88,000/- to Rs. 22,00,00,000/- based on the PWD schedule of Rates since the floor area was raised from 12904 $M^2$ to 17433$M^2$ and also to implement the project as a joint venture of the KSRTC and the Kerala Transport Development Finance Corporation, on BOT basis, with a rough cost estimate of Rs. 22.00,00,000/- (Rupees Twenty two crores only).

3. The State Government have examined the proposal in detail, and are pleased to accord sanction to increase the rough cost estimate of the proposed Bus Terminal Complex Project at Ankamaly, with a floor area of 17433 $M^2$ to [illegible] (Rupees Twenty two crores only) based on the [illegible]

schedule of Rates. and also to have the project implemented as a joint venture of the KSRTC and the Kerala Transport Development Finance Corporation on BOT basis, on the following terms and conditions.

1. The Ankamaly Bus Terminal Project shall be implemented on BOT basis as a joint venture of the KSRTC and the Kerala Transport Development Finance Corporation, to be hereinafter referred to as the BOT Operator.

2. Erection of adequate facilities towards parking of light vehicles, bus bays, garages, office space, retiring rooms for crew, washing ramp, inspection pit, fuel pump, canteen, courier room, Public toilet, wash rooms for passengers, commercial space, underground car parking, space for ATM counters, etc., is envisaged.

3. The BOT Operator should guarantee that the first phase of the project completion be achieved and handed over to KSRTC on a date not later than 12 to 18 months from the date of commencement of construcion of the project. (First phase consists of constructon of structures for the exclusive use of the KSRTC, such as garage, retiring rooms, bus bay etc., i.e., a period of 12 to 18 months and the second phase of 24 months to 30 months).

4. The project has been designed in all respect by the KSRTC and implementation of the project will be based on the approved design and drawings. The BOT Operator shall not be allowed to change the designs without the prior approval from the KSRTC.

5. The BOT Operator shall appoint a Project Manager, such other engineers and supervisors as it may deem appropriate to supervise the project and to deal with the KSRTC representative and be responsible for all necessary exchanges of information required and costs in this connection will be charged to the Project cost.

6. The BOT Operator shall be granted all applicable permits and the BOT Operator shall provide certified true copies of all documents related to this project to the KSRTC and costs in this connection will be charged to the BOT project cost.

7. The BOT Operator shall obtain and maintain in force all insurance in accordance with the provisions and good industry practice and shall be responsible for any mishap and resultant tortuous liability, which may cause in connection with the construction and operation

of the project and the cost in this connection will be charged to the BOT Project cost.

8. The project development expenses such as fee of the architect engaged by the Corporation as Consultant/Architect engaged by the Corporation as Consultant/Architect being paid @ 2.5% of the estimate amount of the project plus service tax applicable and other taxes if any leviable in future as and when paid will be reimbursed to the Corporation by the BOT operator and charged to the BOT Operator.

9. In consideration of the grant of permission for the construction of this bus terminal project in the land of KSRTC, the BOT Operator shall pay KSRTC an operating fee (Annuity) @ 50% of the net monthly income (income after deducting all expenses related to operation and maintenance of the building, the rate of which will be fixed on agreement between KSRTC and Kerala Transport Development Finance Corporation Ltd.) generated from the BOT project after the construction period. After commissioning of the project is over, the said annuity would be paid to KSRTC on a quarterly basis.

10. The BOT Operator shall operate and maintain the entire bus terminal complex by itself, modify, repair or otherwise make improvements to the bus terminal complex with the concurrence of KSRTC to comply with the specifications and standards and and the costs in this regard will be charged to BOT Operator. Maintenance of garage, inspection pit, washing ramp and retiring rooms for crew etc. will be borne by the KSRTC.

11. The responsibility to raise funds for the project would vest with the BOT Operator.

12. The BOT Operator shall maintain full accounts of all fees including realizable fees and other revenue derived/collected by it on account of use of the bus terminal complex and of operation and maintenance expenses and other costs paid and shall provide to KSRTC copies of the said accounts duly audited and certified by the auditors appointed by the BOT Operator.

13. the BOT period will be the duration of the operating period of the project till the total project cost and the Rate Of Interest (ROI) of the period (which shall be fixed by Kerala Transport Development Finance Corporation and approved by the Government) is realized

fully from the project by way of net rental income generated and collected by the BOT Operator from the BOT Project after payment of annuity to KSRTC.

14. During the entire BOT period, the above mentioned annuity will be paid to KSRTC and when the BOT Operator cost and ROI is fully realized by the BOT Operator this BOT Project will be terminated by mutual agreement between KSRTC and the BOT Operator.

15. The BOT Operator shall be responsible for all the defects in the bus terminal complex for a further period of 12 months after the end of the BOT period.

16. The BOT Operator shall hand over the bus terminal complex to KSRTC after vacating the tenants and occupants who are required to be vacated by KSRTC and free from all encumbrances (including security deposits) in respect of the vacated tenants upon the expiry of BOT period. The tenants and occupants who have agreed to to be continued on mutual consent (between the tenant and Kerala State Road Transport Corporation) shall remain at the time of handing over of premises at the end of the BOT period and the security deposits of such tenants shall also be handed over to KSRTC.

17. In case the BOT Operator fails to complete the construction of the project within the stipulated period, the KSRTC shall be at liberty to hand over the project to any other concerns as it desires and all costs incurred up to that period of time along with the interest at the rate fixed as above on cost of fund will be refunded to the BOT Operator less additional cost if any incurred by KSRTC to complete the project, from the future revenue of the project after proper audit of accounts by the authorized representatives of both the parties. In such an event, the KSRTC will not be liable to pay any interest to the defaulted BOT Operator for the period till completion of the project by the 3rd party and start its operation.

18. Neither party shall be liable in damages or have the right to terminate the agreement for any delay or default is caused by conditions beyond its control including Acts of God, Government restrictions (including the denial or cancellation of any necessary license), wars, insurrections and/or any other cause beyond the reasonable control of the party whose performance is affected.

19. During the construction period if any permission for the project is not obtained or delayed, the said delay so caused will commensurately be added along with the construction period of the said project and schedule of the construction will be modified to that extent.

20. Once the user specifications of KSRTC are finalized and handed over, KSRTC and the architects of KSRTC shall be fully responsible for providing all final technical drawings and other documents to Kerala Transport Development Finance Corporation for inviting tenders and there shall be no change on account of alteration in specifications in the drawings, thereafter i.e. after the initiation of tender proceedings by Kerala Transport Development Finance Corporation.

21. Site shall be handed over to Kerala Transport Development Finance Corporation by KSRTC free of all kinds of encumbrances including cutting of trees in the proposed area of construction to enable immediate commencement of construction. Any delay caused by KSRTC on handing over of site, or for obtaining permits thereon, shall lead to extending the project period commensurately.

22. In case of any dispute regarding the interpretation and effect of any of the terms and conditions herein contained, the decision of the Government on any such disputes shall be final and binding on both parties.

By Order of the Governor,
**AJOY CHOUDHURI**
**ADDL CHIEF SECRETARY TO GOVT.**

To

The Chairman & Managing Director, KSRTC
The Managing Director, KTDFC.
The General Administration (SC) department vide item No. 1643 dated 24.10.2007.
PS to Minister (Transport)
SF/Oc

Forwarded by Order
Section Officer

GOVERNMENT OF KERALA

Abstract

Transport Department -- Construction of Bus Terminal Complex Projects as a joint venture of Kerala State Road Transport Corporation and Kerala Transport Development Finance Corporation on BOT basis -- Sanction accorded -- Orders Issued.

TRANSPORT (A) DEPARTMENT

G.O. (MS) No. 46/07/Tran, Dated, Thiruvananthapuram, 5.11.2007.

Read:- (1) GO(MS) No. 22/07/Tran. dated 10.5.2007.

(2) Letter No. AB3 -37158/05 dated 8.10.2007 from the Chairman & Managing Director, KSRTC.

(3) Letter No. 994/SCANK/KTDFC/2007-08 dated 18.10.2007 from the Managing Director, Kerala Transport Development Finance Corporation.

(4) G.O.(MS) No.42/07/Tran. dated 25.10.2007.

ORDER

1) The State Government in the Government Order read as first paper above, have accorded sanction to the KSRTC to entrust the construction of the proposed Shopping Complex at the premises of the Ankamaly Bus Station, on BOT basis to the Kerala Transport Development Finance Corporation, as a pilot project.

2) The State Government, in the Government Order read as 4th paper above have also accorded sanction to increase the rough cost estimate of the proposed Bus Terminal Complex at Ankamaly, with a floor area of 17433 $M^2$ to Rs. 22,00,00,000/- (Rupees Twenty two Crores only) based on the 2007 PWD Schedule of Rates and also to have the project implemented as a joint venture of the KSRTC and the Kerala Transport Development Finance Corporation on BOT basis on the terms and conditions specified in the Government Order.

(3) The Chairman & Managing Director, KSRTC in letter read as second paper above has also requested the state Government to accord sanction for the construction of various Bus Terminal complexes and these to be implemented as a joint venture of KSRTC and Kerala Transport

Development Finance Corporation on BOT basis under the same terms and conditions issued in the Government Order read as 4th paper above.

(4) The State Government have examined the proposal in detail and are pleased to accord sanction for constructing the following Bus Terminal Complex Projects and for implementation as a joint venture of the KSRTC and the Kerala Transport Development Finance Corporation on BOT basis under the same terms and conditions stated in Government Order read as fourth paper above.

| Sl. No. | Name of Project | Area of land available | No. of floors & total area | Rough cost Estimate (Rs.in crores) |
|---|---|---|---|---|
| 1. | Bus Terminal Project at Thiruvananthapuram central | 7.33. Acres. | 10 Floors 24984$m^2$ | 35.45 |
| 2. | Fort Thiruvananthapuram | 85 cents | 10 floors 23345.12$m^2$ | 13.50 |
| 3. | Peroorkad | 3 Acres | 6 Floors 14519$m^2$ | 18.00 |
| 4. | Kozhikode | 3 Acres | 10 Floors 30221.74 $m^2$ | 19.73 |
| 5. | Malappuram | 2.035 acres | 11 Floors 18043$m^2$ | 19.73 |

By Order of the Governor

Ajoy Chaudhuri,
Addl Chief Secretary to Govt.

To

The Chairman & Managing Director, KSRTC
The Chairman & Managing Director, KTDFC.
The General Administration (SC) Department.
The PS to Minister (Transport)
SF/Oc

Forwarded by Order

Section Officer

# അനുബന്ധം

1. അങ്കമാലി
2. തിരുവനന്തപുരം സെൻട്രൽ
3. കോഴിക്കോട്
4. എസ്.ടി.സി. ഫോർട്ട്, തിരുവനന്തപുരം
5. മലപ്പുറം
6. പേരൂർക്കട
7. എറണാകുളം
8. പാലക്കാട്
9. തൃശ്ശൂർ
10. പത്തനംതിട്ട
11. കായംകുളം
12. കൊല്ലം
13. വികാസ്ഭവൻ
14. വൈക്കം
15. പയ്യന്നൂർ
16. പുനലൂർ
17. ചെങ്ങന്നൂർ
18. ചങ്ങനാശ്ശേരി
19. തിരുവല്ല
20. കോട്ടയം
21. കരുനാഗപ്പള്ളി
22. ആലപ്പുഴ
23. ആറ്റിങ്ങൽ
24. ചേർത്തല
25. ഗുരുവായൂർ
26. നെടുമങ്ങാട്
27. പാലാ
28. മൂവാറ്റുപുഴ
29. വിഴിഞ്ഞം
30. ഏറ്റുമാനൂർ

മന്ത്രി

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 125

10.03.2008-ൽ മറുപടിക്ക്

ജലനയം 2007

| ചോദ്യം<br>ശ്രീ. പി.സി.ജോർജ് : | ഉത്തരം<br>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജലനയം 2007 നടപ്പിലാക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നയത്തിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) ജലനയത്തിന്റെ കരട് രൂപരേഖ തയ്യാറാക്കി വിദഗ്ദ്ധാഭിപ്രായ രൂപീകരണത്തിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുന്നതിനായി കേരള സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് ജല നയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത നയം എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) ഇപ്പോൾ പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞിരിക്കുന്ന നയം രണ്ടു മാസത്തിനുള്ളിൽ അന്തിമമായി അംഗീകരിക്കും. |
| (സി) ജലനയം സംബന്ധിച്ച് കൂടുതൽ ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) വിവിധതല ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന നിർദ്ദേശങ്ങളും, നയം അന്തിമമായി അംഗീകരിക്കുമ്പോൾ പരിഗണിക്കും |

സെക്ഷൻ ഓഫീസർ.

NB: അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 126 — 10.3.2008-ൽ മറുപടിയ്ക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു | ശ്രീ.എളമരം കരീം<br>(ബഹു വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ)പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിപുലീകരണം, വൈവിദ്ധ്യവൽക്കരണം എന്നീ മാർഗ്ഗങ്ങളും, സമാന മേഖലയിലുള്ള ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളുമായുള്ള താരതമ്യ പഠനം, വെബ് എനേബിൾഡ് പെർഫോർമൻസ് മോണിറ്ററിംഗ് കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുക, നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്ന സ്ഥാപനങ്ങൾക്കും, മാനേജിംഗ് ഡയറക്ടർമാർക്കും അവാർഡ് നൽകുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.<br>ലാഭകരമായി നടത്തിക്കൊണ്ടു പോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുന:ക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, manpower rationalization/redeployment മുതലായ നടപടികളും സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| | കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതിനും ഇവയിൽ കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു.<br>ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ തിരിച്ചടയ്ക്കാതെ കുടിശ്ശിക വരുത്തിയതു കാരണം ബാങ്കുകളുടെ സഹകരണം ലഭിക്കാത്ത പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിലയ്ക്കുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളും, ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രമുഖ ബാങ്കുകളുടെ ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി വ്യവസായ വാണിജ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, റിയാബിന്റെ സെക്രട്ടറി കൺവീനറുമായി രൂപീകരിച്ചിട്ടുണ്ട്.<br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുകയുണ്ടായി. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന റിപ്പോർട്ട് 10-ാം തീയതിക്ക് മുമ്പ് റിയാബിനും അതിന്മേലുള്ള റിയാബിന്റെ അവലോകന റിപ്പോർട്ട് 14നും വ്യവസായ വകുപ്പ് മന്ത്രിയുടെ |

| | |
|---|---|
| | മുമ്പാകെ സമർപ്പിക്കുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ച ശേഷം ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകി വരുന്നു. 2006-07 സാമ്പത്തിക വർഷത്തിലെ പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 22 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു.<br>2007-08 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടത്തുന്നതിനായി 25 കോടി രൂപയും, സ്വയം വിരമിക്കൽ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി പിരിഞ്ഞു പോയിട്ടുള്ള ജീവനക്കാർക്ക് കൊടുത്തു തീർക്കാനുള്ള 10 കോടി രൂപയും 2007-08 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തുകയുണ്ടായി.<br>പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം നടത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കമ്പനികൾക്ക് ഓർഡറുകൾ ലഭിക്കുന്നതിനുള്ള കരാറിന്മേൽ തീരുമാനമായിട്ടുണ്ട്.<br>പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികമുള്ള ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞു വരുന്നു.<br>പ്രവർത്തന കരാർ സംവിധാനം:<br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാന |

| | |
|---|---|
| | മാക്കിയുള്ള സമഗ്രമായ വ്യവസായ നയം അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (ബി)ഇതിന്റെ ഫലമായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം കമ്പനികൾ ലാഭകരമാക്കുന്നതിന് സാധിച്ചിട്ടുണ്ട്; | (ബി) ഈ പ്രവർത്തനങ്ങളുടെ ഫലമായി 2005-06 ൽ നഷ്ടത്തിൽ പ്രവർത്തിച്ചു താഴെ പറയുന്ന കമ്പനികൾ 2006-07 സാമ്പത്തിക വർഷം ലാഭത്തിൽ ആയിട്ടുണ്ട്.<br>1. കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ<br>2. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്<br>3. കെ. ഇ.എൽ<br>4.കെ.എസ്.ടി.സി<br>5.ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ<br>6.കേരളാ സിറാമിക്സ് ലിമിറ്റഡ്<br>7.സിഡ്കോ<br>8.കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ്<br>9.കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്<br>10.ട്രാക്കോ കേബിൾസ് കമ്പനി ലിമിറ്റഡ് |
| (സി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവർത്തനം നിലച്ചിരുന്ന Keltron Counters Ltd ന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Development Corporation Ltd നോട് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>BIFR ന്റെ തീരുമാനപ്രകാരം പ്രവർത്തനം നിർത്തലാക്കിയിരുന്ന Trivandrum Spinning Mills നെ Kerala State Textile Corporation ന്റെ യൂണിറ്റാക്കി പ്രവർത്തനം തുടങ്ങുന്നതിനുള്ള പദ്ധതിയ്ക്ക് |

| | |
|---|---|
| | സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>കൂടാതെ പ്രവർത്തനം നിർത്തലാക്കിയിരുന്ന Kerala State Textile Corporation ന്റെ യൂണിറ്റായ Malabar Spinning & Weaving Mills തുറന്ന് പ്രവർത്തനം ആരംഭിക്കുകയുണ്ടായി.<br><br>ഇപ്പോൾ പ്രവർത്തനമില്ലാതെ കിടക്കുന്ന കേരള സംസ്ഥാന സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ITI Ltd മായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷനു കൈമാറാൻ തീരുമാനമായിട്ടുണ്ട്.<br><br>Kerala Soaps & Oils Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് ന്യൂഡിൽസ് യൂണിറ്റുണ്ടാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ Travancore Cochin Chemicals Ltd KITCO യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്.<br><br>പ്രവർത്തനമില്ലാതെ കിടക്കുന്ന മെട്രോ പൊളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Ltd ന് കൈമാറാനും അവിടെ ഒരു Hyper Super Market cum Office Complex സ്ഥാപിക്കാനുമുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള പുതിയ നയം ഗുണം ചെയ്തിട്ടുണ്ടോ; | (ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന നയം ധാരാളം ഗുണം ചെയ്യിട്ടുണ്ട്. ഈ നയത്തിന്റെ ഭാഗമായി ടെൽക്ക്, |

| | |
|---|---|
| | എൻ.ടി.പി.സി യുമായി കരാർ ഒപ്പു വച്ചു. പ്രസ്തുത നടപടി ടെൽക്കിന്റെ വൻ വികസനത്തിന് വഴിയൊരുക്കുമെന്ന് കരുതുന്നു.<br>കേരളാ ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് ബ്രഹ്മോസ് എയ്റോസ്പേസ് എന്ന സ്ഥാപനത്തിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു മൂലം സ്ഥാപനത്തിന്റെ വികസനത്തിനുള്ള വൻ സാദ്ധ്യതകളാണ് പ്രതീക്ഷിക്കുന്നത്.<br>ആട്ടോകാസ്റ്റ് റെയിൽവേയുമായി സഹകരിച്ച് ഒരു വാഗൺ നിർമ്മാണ ശാല തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സ്റ്റീൽ കോംപ്ലക്സും സെയിലുമായി ഒരു ജോയിന്റ് വെഞ്ച്വർ സ്ഥാപിക്കുന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| (ഇ) മുൻ സർക്കാർ വിൽക്കാൻ തീരുമാനിച്ചിരുന്ന അങ്കമാലി ടെൽക്ക് എൻ.ടി.പി.സി യുമായി സംയുക്ത കരാർ ഒപ്പിട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) ഉണ്ട്. പുതിയ സംരംഭത്തിൽ സംസ്ഥാന ഗവൺമെന്റിന് 61% ഷെയറും എൻ.ടി.പി.സി ക്ക് 44.6% ഷെയറും ഉണ്ടാകും. ബാക്കി ഷെയറുകൾ ഹിറ്റാച്ചി, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവയ്ക്കായിരിക്കും. പുതിയ എഗ്രിമെന്റ് പ്രകാരം ടെൽക്കിന്റെ ബോർഡിന്റെ ചെയർമാൻ ഗവൺമെന്റ് ഓഫ് കേരള പ്രതിനിധിയും മാനേജിംഗ് ഡയറക്ടർ എൻ.ടി.പി.സിയുടെ നോമിനിയുമായിരിക്കും. ഷെയർ ഹോൾഡിംഗിന്റെ അടിസ്ഥാനത്തിൽ മറ്റ് ബോർഡ് ഓഫ് ഡയറക്ടർമാരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

Rajesh
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *127.

10-03-2008 -ൽ
മറുപടിക്ക്

## കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. വി.ജെ. തങ്കപ്പൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി ) |
| (എ) കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡിനെ ബ്രഹ്മോസ് എയ്റൊ സ്പെയിസ് ലിമിറ്റഡിന് കൈമാറിയതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ; | (എ) കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് (കെൽടെക്) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു. കമ്പനി പുനരുദ്ധരിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല. ഈ അവസരത്തിലാണ് കെൽടെക് ബ്രഹ്മോസിന് കൈമാറാൻ തീരുമാനം എടുത്തത്. കെൽടെക് ബ്രഹ്മോസിന് കൈമാറിയതുമൂലം സംസ്ഥാനത്ത് ആദ്യത്തെ പ്രതിരോധ ഉപകരണ ഉൽപാദന യൂണിറ്റിന് തുടക്കം കുറിക്കാൻ കഴിഞ്ഞു. കമ്പനിയിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ തൊഴിൽ ഉറപ്പു വരുത്തി കമ്പനിയുടെ ബാദ്ധ്യതകളുമടക്കമാണ് കൈമാറിയത്. കേരളത്തിലെ എഞ്ചിനീയർമാർക്കും ശാസ്ത്രജ്ഞൻമാർക്കും വിദ്യാ സമ്പന്നരായ മറ്റ് മേഖലയിൽപ്പെട്ടവർക്കും കൂടുതൽ തൊഴിൽ അവസരങ്ങൾ ഇതിലൂടെ ലഭിക്കും . ഐ.എസ്. ആർ.ഒ. തുടങ്ങിയ സ്ഥാപനങ്ങളുമായുള്ള ധാരണ മൂലം അനുബന്ധ ചെറുകിട |

വ്യവസായ യൂണിറ്റുകളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ബ്രഹ്മോസ് ഒരു കമ്പനിയായതിനാൽ സംസ്ഥാനത്തിന് നികുതി വരുമാനം ലഭിക്കും. ബ്രഹ്മോസിൻെറ ഒരു യൂണിറ്റ് കേരളത്തിൽ സ്ഥിതി ചെയ്യുമ്പോൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ആയ കെൽ, കെൽട്രോൺ, എസ്.ഐ.എഫ് എൽ എന്നിവയ്ക്ക് അനുബന്ധ ഉല്പന്നങ്ങളുടെ ഉൽപാദനത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ഓർഡറുകൾ ലഭിക്കുമെന്ന് കരുതുന്നു. കെ.എം.എം.എൽ.ൻെറ നിർദ്ദിഷ്ട ടൈറ്റാനിയം സ്പോഞ്ച് ഫാക്ടറി പ്രവർത്തനം ആരംഭിക്കുമ്പോൾ അതിൻെറ പ്രധാന ഉപഭോക്താവ് ബ്രഹ്മോസ് ആയിരിക്കും. ചുരുക്കത്തിൽ വ്യാവസായിക വാണിജ്യ സാങ്കേതിക രംഗങ്ങളിൽ കേരളത്തിൻെറ വളർച്ചാ സാദ്ധ്യത വികസിപ്പിക്കുവാൻ ഈ സംരംഭം സഹായിക്കുമെന്നു കരുതുന്നു.

(ബി) ഇവിടെ എത്ര കോടി രൂപയുടെ വ്യവസായ നിക്ഷേപം പ്രതിക്ഷിക്കുന്നു;

(ബി) പ്രാരംഭത്തിൽ 100 കോടി മുതൽ 200 കോടി രൂപ വരെ നിക്ഷേപം പ്രതിക്ഷിക്കുന്നു. ഇത് പതിൻമടങ്ങ് വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്.

(സി) കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് ഇപ്പോൾ എത്ര സംയുക്ത പദ്ധതികൾ നടക്കുന്നു ;

(സി) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൻെറയും, കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെയും സഹകരണം ലഭ്യമാക്കാനും ഓർഡറുകൾ ലഭ്യമാക്കാനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഈ നയത്തിൻെറ

ഭാഗമായി Transformers and Electricals Kerala Limited ( TELK ) ഉം National Thermal Power Corporation (NTPC) -യുമായി സംയുക്തസംരംഭ കരാറിൽ 23-06-2007-ൽ ഒപ്പുവച്ചു. ഇത് ടെൽകിന്റെ വൻ വികസനത്തിനും ആധുനികവൽക്കരണത്തിനും സഹായകമാകുമെന്നും പ്രതീക്ഷിക്കുന്നു. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡിന്റെ (SILK) അനുബന്ധ സ്ഥാപനങ്ങളായ ആട്ടോകാസ്റ്റ് ലിമിറ്റഡ്, സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് എന്നിവയുടെ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റെയിൽവേയുമായി സഹകരിച്ച് ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും (SCL) സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ (SAIL) ലിമിറ്റഡുമായി സഹകരിച്ചു പ്രവർത്തിക്കാനുള്ള നടപടികൾ നടന്നുവരുന്നു. കെൽ കാസർഗോഡ് യൂണിറ്റിൽ ഹെവി ഇലക്ട്രിക്കൽ മെഷീനുകൾ ഉല്പാദിപ്പിക്കുന്നതിന് BHEL - ഭോപ്പാൽ യൂണിറ്റുമായി ചേർന്ന് സംയുക്ത സംരംഭത്തിനുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു.

(ഡി) ഇത്തരം സംരംഭങ്ങൾ വിജയകരമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന താത്പര്യം മുൻ നിർത്തിയാണ് ഇത്തരം സംരംഭങ്ങളിൽ ഏർപ്പെടുന്നത്. കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സഹകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യാവസായിക

രംഗത്ത് വൻ വികസന സാദ്ധ്യത പ്രതീക്ഷിക്കുന്നു.

(ഇ) കെൽട്രോൺ, എസ്.ഐ. എഫ്.എൽ. തുടങ്ങിയ സ്ഥാപനങ്ങൾക്ക് പ്രതിരോധ മേഖലയിൽ നിന്ന് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) ഇക്കാര്യത്തിൽ കേന്ദ്ര പ്രതിരോധ വകുപ്പുമായി ചർച്ചകൾ നടത്തുകയും രേഖാമൂലം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 128 — 10.3.08ലെ മറുപടിക്ക്

## ബി.ഒ.ടി. അടിസ്ഥാനത്തിൽ നൽകിയ കെ.എസ്.ആർ.ടി.സി.യുടെ സ്വത്തുക്കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ<br>" അടൂർ പ്രകാശ്<br>" തേപ്പറമ്പിൽ രാമകൃഷ്ണൻ | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി. |
| (എ) ഈ സർക്കാർ അധികാരമേററ ശേഷം കെ.എസ്.ആർ.ടി.സി യുടെ സ്വത്തുക്കൾ ബി.ഒ.ടി അടിസ്ഥാനത്തിൽ എവിടെയെങ്കിലും നൽകിയിട്ടുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;<br>(ബി) ആർക്കെല്ലാമാണ് ബി.ഒ.ടി അടിസ്ഥാനത്തിൽ ഇപ്രകാരം നൽകിയത്; | (എ)യും (ബി)യും<br>ഈ സർക്കാർ അധികാരമേററ ശേഷം അങ്കമാലി ബസ് സ്ററേഷനിൽ ബി.ഒ.ടി വ്യവസ്ഥയിൽ ഷോപ്പിംഗ് കോംപ്ളക്സുകൾ പണിയുവാനായി പൊതുമേഖലാസ്ഥാപനമായ കെ.ടി.ഡി.എഫ്.സി യെ ചുമതലപ്പെടുത്തി. തീരുമാനിച്ച പ്രകാരം പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇപ്രകാരം നൽകിയത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (സി) 25.10.2007 ലെ ജി.ഒ (എം.എസ്) നമ്പർ 42/07/ഗതാ. സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് കെ.എസ്.ആർ.ടി.സി, ബി.ഒ.ടി. നടപടികൾ നടപ്പാക്കുന്നത്. പ്രസ്തുത ഉത്തരവ് അനുബന്ധമായി വെച്ചിരിക്കുന്നു |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Transport Department – Construction of Bus Terminal Complex Project at Ankamaly – Permission granted to increase the estimated Cost of the Project and to implement it as a joint venture of KSRTC and Kerala Transport Development Finance Corporation - Sanction accorded – Orders Issued.

---

## TRANSPORT (A) DEPARTMENT

G.O. (Ms) No.42/2007/Tran. Dated, Thiruvananthapuram, 25.10.2007

Read: 1) GO(MS) No. 22/07/Tran. dated 10.5.2007.
2) Letter No. AB3-37158/05 dated 8.10.2007 from the Chairman & Managing Director, KSRTC.
3) Letter No. 994/SCANK/KTDFC/2007-08 dated 18.10.2007 from the Managing Director, Kerala Transport Development Finance Corporation.

## ORDER

The State Government in the Governemnt Order read as the first paper above, have accorded sanction to the Kerala State Road Transport Corporation to entrust the construction of the proposed Shopping Complex at the premises of the Ankamaly Bus Station, on BOT basis to the Kerala Transport Development Finance Corporation, as a pilot project.

2. The Chairman & Managing Director, KSRTC, in his letter read as second paper above has requested to accord sanction to increase the rough cost estimate of the Bus Terminal Complex Project, from Rs. 12,25,88,000/- to Rs. 22,00,00,000/- based on the PWD schedule of Rates since the floor area was raised from 12904 $M^2$ to 17433$M^2$ and also to implement the project as a joint venture of the KSRTC and the Kerala Transport Development Finance Corporation, on BOT basis, with a rough cost estimate of Rs. 22,00,00,000/- (Rupees Twenty two crores only).

3. The State Government have examined the proposal in detail, and are pleased to accord sanction to increase the rough cost estimate of the proposed Bus Terminal Complex Project at Ankamaly, with a floor area of 17433 $M^2$ to [illegible] (Rupees Twenty two crores only) based on the 2007 PWD

schedule of Rules, and also to have the project implemented as a joint venture of the KSRTC and the Kerala Transport Development Finance Corporation on BOT basis on the following terms and conditions.

1. The Ankamaly Bus Terminal Project shall be implemented on BOT basis as a joint venture of the KSRTC and the Kerala Transport Development Finance Corporation, to be hereinafter referred to as the BOT Operator.

2. Erection of adequate facilities towards parking of light vehicles, bus bays, garages, office space, retiring rooms for crew, washing ramp, inspection pit, fuel pump, canteen, courier room, Public toilet, wash rooms for passengers, commercial space, underground car parking, space for ATM counters, etc., is envisaged.

3. The BOT Operator should guarantee that the first phase of the project completion be achieved and handed over to KSRTC on a date not later than 12 to 18 months from the date of commencement of construcion of the project. (First phase consists of constructon of structures for the exclusive use of the KSRTC, such as garage, retiring rooms, bus bay etc., i.e., a period of 12 to 18 months and the second phase of 24 months to 30 months).

4. The project has been designed in all respect by the KSRTC and implementation of the project will be based on the approved design and drawings. The BOT Operator shall not be allowed to change the designs without the prior approval from the KSRTC.

5. The BOT Operator shall appoint a Project Manager, such other engineers and supervisors as it may deem appropriate to supervise the project and to deal with the KSRTC representative and be responsible for all necessary exchanges of information required and costs in this connection will be charged to the Project cost.

6. The BOT Operator shall be granted all applicable permits and the BOT Operator shall provide certified true copies of all documents related to this project to the KSRTC and costs in this connection will be charged to the BOT project cost.

7. The BOT Operator shall obtain and maintain in force all insurance in accordance with the provisions and good industry practice and shall be responsible for any mishap and resultant tortuous liabilities which may cause in connection with the construction and operation

of the project and the cost in this connection will be charged to the BOT Project cost.

8. The project development expenses such as fee of the architect engaged by the Corporation as Consultant/Architect engaged by the Corporation as Consultant/Architect being paid @ 2.5% of the estimate amount of the project plus service tax applicable and other taxes if any leviable in future as and when paid will be reimbursed to the Corporation by the BOT operator and charged to the BOT Operator.

9. In consideration of the grant of permission for the construction of this bus terminal project in the land of KSRTC, the BOT Operator shall pay KSRTC an operating fee (Annuity) @ 50% of the net monthly income (income after deducting all expenses related to operation and maintenance of the building, the rate of which will be fixed on agreement between KSRTC and Kerala Transport Development Finance Corporation Ltd.) generated from the BOT project after the construction period. After commissioning of the project is over, the said annuity would be paid to KSRTC on a quarterly basis.

10. The BOT Operator shall operate and maintain the entire bus terminal complex by itself, modify, repair or otherwise make improvements to the bus terminal complex with the concurrence of KSRTC to comply with the specifications and standards and and the costs in this regard will be charged to BOT Operator. Maintenance of garage, inspection pit, washing ramp and retiring rooms for crew etc. will be borne by the KSRTC.

11. The responsibility to raise funds for the project would vest with the BOT Operator.

12. The BOT Operator shall maintain full accounts of all fees including realizable fees and other revenue derived/collected by it on account of use of the bus terminal complex and of operation and maintenance expenses and other costs paid and shall provide to KSRTC copies of the said accounts duly audited and certified by the auditors appointed by the BOT Operator.

13. the BOT period will be the duration of the operating period of the project till the total project cost and the Rate Of Interest (ROI) of the period (which shall be fixed by Kerala Transport Development Finance Corporation and approved by the Government) is realized

fully from the project by way of net rental income generated and collected by the BOT Operator from the BOT Project after payment of annuity to KSRTC.

14. During the entire BOT period, the above mentioned annuity will be paid to KSRTC and when the BOT Operator cost and ROI is fully realized by the BOT Operator this BOT Project will be terminated by mutual agreement between KSRTC and the BOT Operator.

15. The BOT Operator shall be responsible for all the defects in the bus terminal complex for a further period of 12 months after the end of the BOT period.

16. The BOT Operator shall hand over the bus terminal complex to KSRTC after vacating the tenants and occupants who are required to be vacated by KSRTC and free from all encumbrances (including security deposits) in respect of the vacated tenants upon the expiry of BOT period . The tenants and occupants who have agreed to to be continued on mutual consent (between the tenant and Kerala State Road Transport Corporation) shall remain at the time of handing over of premises at the end of the BOT period and the security deposits of such tenants shall also be handed over to KSRTC.

17. In case the BOT Operator fails to complete the construction of the project within the stipulated period, the KSRTC shall be at liberty to hand over the project to any other concerns as it desires and all costs incurred up to that period of time along with the interest at the rate fixed as above on cost of fund will be refunded to the BOT Operator less additional cost if any incurred by KSRTC to complete the project, from the future revenue of the project after proper audit of accounts by the authorized representatives of both the parties. In such an event, the KSRTC will not be liable to pay any interest to the defaulted BOT Operator for the period till completion of the project by the 3rd party and start its operation.

18. Neither party shall be liable in damages or have the right to terminate the agreement for any delay or default is caused by conditions beyond its control including Acts of God, Government restrictions (including the denial or cancellation of any necessary license), wars, insurrections and/or any other cause beyond the reasonable control of the party whose performance is affected.

19. During the construction period if any permission for the project is not obtained or delayed, the said delay so caused will commensurately be added along with the construction period of the said project and schedule of the construction will be modified to that extent.

20. Once the user specifications of KSRTC are finalized and handed over, KSRTC and the architects of KSRTC shall be fully responsible for providing all final technical drawings and other documents to Kerala Transport Development Finance Corporation for inviting tenders and there shall be no change on account of alteration in specifications in the drawings, thereafter i.e. after the initiation of tender proceedings by Kerala Transport Development Finance Corporation.

21. Site shall be handed over to Kerala Transport Development Finance Corporation by KSRTC free of all kinds of encumbrances including cutting of trees in the proposed area of construction to enable immediate commencement of construction. Any delay caused by KSRTC on handing over of site, or for obtaining permits thereon, shall lead to extending the project period commensurately.

22. In case of any dispute regarding the interpretation and effect of any of the terms and conditions herein contained, the decision of the Government on any such disputes shall be final and binding on both parties.

By Order of the Governor,
AJOY CHOUDHURI
ADDL CHIEF SECRETARY TO GOVT.

To

The Chairman & Managing Director, KSRTC
The Managing Director, KTDFC.
The General Administration (SC) department vide item No. 1643 dated 24.10.2007.
PS to Minister (Transport)
SF/Oc

Forwarded by Order

Section Officer

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 129 — 10.3.08ലെ മറുപടിക്ക്

## അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി.ജലീൽ<br>" കെ.കെ.ദിവാകരൻ<br>" മുരളി പെരുനെല്ലി<br>" വി.ശശികുമാർ<br>" പി.വിശ്വൻ | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി. |
| (എ) കൂടുതൽ അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ, | (എ) കൂടുതൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനായി നിലവിലുള്ള കരാറുകൾ കാലാകാലങ്ങളിൽ പുതുക്കേണ്ടതായുണ്ട്. തമിഴ്നാട് സർക്കാരുമായി 26.10.07 ൽ കരട് കരാർ ഒപ്പിട്ടിട്ടുണ്ട്. ഇതിൻമേലുള്ള കരടു വിജ്ഞാപനം 3.1.2008 ൽ 7465/ബി2/2007/ട്രാൻ. എന്ന നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെട്ട കരാർ സംബന്ധിച്ച് ഇരുസംസ്ഥാനങ്ങളിലെയും ട്രാൻസ്പോർട്ട് കോർപ്പറേഷൻഉദ്യോഗസ്ഥൻമാർ തമ്മിലുള്ള ചർച്ച പൂർത്തിയായിട്ടുണ്ട്. |
| (ബി) പുതിയ ബസ് റൂട്ടുകൾക്ക് തമിഴ്നാടുമായി ധാരണയായിട്ടുണ്ടോ, എങ്കിൽ റൂട്ടുകളുടെ വിശദാംശം വെളിപ്പെടുത്തുമോ, | (ബി) ഉണ്ട്. താഴെപ്പറയുന്ന 25 റൂട്ടുകളിൽ പുതുതായി സർവ്വീസ് ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്.<br>1) കോട്ടയം-തെങ്കാശി (ചെങ്കോട്ട വഴി)<br>2) കൊല്ലം-തെങ്കാശി ( " )<br>3) ഈരാററുപേട്ട-തെങ്കാശി( " )<br>4) കായംകുളം-തെങ്കാശി(കൊല്ലം ചെങ്കോട്ട വഴി)<br>5) തിരുവല്ല-തെങ്കാശി (പത്തനംതിട്ട, ചെങ്കോട്ട വഴി)<br>6) വണ്ടിപ്പെരിയാർ-കമ്പം<br>7) കട്ടപ്പന-കമ്പം (കമ്പംമേട് വഴി) |

8) തൃശ്ശൂർ-പൊള്ളാച്ചി (ചിറ്റൂർ പുതൂർ വഴി)

9) തൃശ്ശൂർ-ബത്തേരി (നാടുകാണി, തലൂർ വഴി)

10) പെരിന്തൽമണ്ണ-ഗൂഡല്ലൂർ

11) പെരിന്തൽമണ്ണ-ബാംഗ്ളൂർ(തമിഴ്നാട് സെക്ടർ) (ഗൂഡല്ലൂർ വഴി)

12) തൃശ്ശൂർ-ബാംഗ്ളൂർ(ഗൂഡല്ലൂർ വഴി)

13) എറണാകുളം-ബാംഗ്ളൂർ(ഗൂഡല്ലൂർ )

14) കോട്ടയം-ബാംഗ്ളൂർ(ഗൂഡല്ലൂർ വഴി)

15) മൂന്നാർ-തേനി

16) കോഴിക്കോട്-കോയമ്പത്തൂർ (മണ്ണാർക്കാട്, ആനക്കട്ടി വഴി)

17) മണ്ണാർക്കാട് -മേട്ടുപ്പാളയം (ആനക്കട്ടി വഴി)

18) തൃശ്ശൂർ-തിരുപ്പൂർ (വാളയാർ, കോയമ്പത്തൂർ വഴി)

19) ഗുരുവായൂർ-പളനി (ഗോവിന്ദപുരം)

20) തിരുവനന്തപുരം-നാഗർകോവിൽ (കളിയിക്കാവിള വഴി)

21) തിരുവനന്തപുരം-കന്യാകുമാരി

22) കോട്ടയം -മധുര (കുമിളി)

23) എറണാകുളം-സേലം (വാളയാർ)

24) പാലക്കാട്-കോയമ്പത്തൂർ

25) പാലക്കാട്-പറമ്പിക്കുളം (ഗോപാലപുരം വഴി)

മേൽപ്പറഞ്ഞവയിൽ ബാംഗ്ളൂർ സർവ്വീസുകൾ ആരംഭിക്കുന്നതിന് കർണ്ണാടക സംസ്ഥാനവുമായുള്ള കരാർ കൂടി ആവശ്യമുണ്ട്.

(സി) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്;

(സി) 1988 ലെ മോട്ടോർ വാഹന ആക്ട് 88-ാം വകുപ്പ് പ്രകാരം ഇരു സംസ്ഥാന സർക്കാരുകളും തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ഏകമുഖ നികുതി വ്യവസ്ഥയിൽ യാത്രാവാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ നിറുത്തലാക്കുന്നതിനും/കൂട്ടുന്നതിനും പ്രസ്തുത നിയമത്തിൽ വ്യവസ്ഥയുണ്ട്. കൂടാതെ ഇരു സംസ്ഥാനങ്ങളിലെയും എസ്.ടി.യുകൾ അന്യ സംസ്ഥാനങ്ങളിലേക്ക് നടത്തുന്ന സർവ്വീസുകളുടെ ആകെ ദൂരം (കി.മീററർ പാരിററി) തുല്യമായിരിക്കണമെന്നും വ്യവസ്ഥ

| | |
|---|---|
| | ചെയ്തിരിക്കുന്നു. |
| (ഡി) അന്തർ സംസ്ഥാന ബസ് സർവ്വീസ് ആഭ്യന്തര സർവ്വീസിനെ അപേക്ഷിച്ച് എത്രമാത്രം ലാഭകരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ വ്യക്ത മാക്കുമോ, | (ഡി) ഉണ്ട്. കേരളത്തേക്കാൾ കുറഞ്ഞ യാത്രാനിരക്കുള്ള അന്യ സംസ്ഥാന ങ്ങളിലേക്ക് സർവ്വീസ് നടത്തുമ്പോൾ ലാഭകരമായിരിക്കുകയില്ല. ഉദാ. തമിഴ്നാടിൽ സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന വരുമാനം പലപ്പോഴും ആഭ്യന്തര സർവ്വീസിനേക്കാൾ കുറ വാണ്. |
| (ഇ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിന് പുതിയതും കൂടുതൽ സൗകര്യങ്ങൾ ഉള്ളതുമായ ബസ്സുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) എയർ കണ്ടീഷൻ ചെയ്തിട്ടുള്ള ബസുകൾ ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങളുള്ള ബസുകളാണ് ഇപ്പോൾ പുതിയതായി അന്തർ സംസ്ഥാന സർവ്വീസുകൾക്കു നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 130 | 10.3.2008 ന് മറുപടിക്ക് |
|---|---|

### മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഹൃദ്രോഗ ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഹൃദ്രോഗ പരിശോധനയ്ക്കും ചികിത്സക്കുമായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;<br><br>ബി) എങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (എ) യും (ബി) യും<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഹൃദ്രോഗ പരിശോധനയ്ക്കും ചികിത്സയ്ക്കും ആവശ്യമായ സൗകര്യങ്ങൾ നിലവിലുണ്ട്. ഇവിടങ്ങളിൽ ടി.എം.ടി. എക്കോകാർഡിയോഗ്രാഫി, ആൻജിയോഗ്രാഫി തുടങ്ങിയ പരിശോധനാ സൗകര്യങ്ങൾക്കു പുറമേ ആൻജിയോപ്ളാസ്റ്റി, ബൈപാസ് സർജറി, പേസ്മേക്കർ ചികിത്സ, ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ തുടങ്ങിയവയ്ക്കുള്ള സംവിധാനവും നിലവിലുണ്ട്. ഈ മാസത്തിൽ പുതിയ കാത്ത്ലാബ് സ്ഥാപിക്കുന്നതോടെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയും ഈ ഗണത്തിലേക്കുയരുന്നതാണ്. ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ഹൃദ്രോഗ ചികിത്സയ്ക്കായി കാർഡിയോളജി വിഭാഗം പ്രവർത്തിക്കുന്നുണ്ടെങ്കിലും ശസ്ത്രക്രിയക്കാവശ്യമായ സൗകര്യം കുറവാണ്. ഇവിടെയും കാത്ത്ലാബ് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഹൃദ്രോഗ പരിശോധനയ്ക്കും ചികിത്സയ്ക്കും നിശ്ചയിച്ചിരിക്കുന്ന ഫീസ് താങ്ങാനാവാത്തതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ഇ) ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) യും (ഡി) യും (ഇ) യും<br><br>എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ നിരക്കിലാണ് ഹൃദ്രോഗ ചികിത്സ നൽകിവരുന്നത്. സ്റ്റെന്റുപോലെ ശസ്ത്രക്രിയാസമയത്തു ആവശ്യമുള്ള സാധനങ്ങളുടെ സപ്ലൈ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ഏറ്റെടുത്തു കഴിയുമ്പോൾ, നിരക്ക് വീണ്ടും കുറയുവാൻ സാദ്ധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.131 | 10/03/2008-ൽ മറുപടിയ്ക്ക് |

## സർക്കാർ ആശുപത്രികളിലെ ശുചീകരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.ജോർജ് എം.തോമസ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സർക്കാർ ആശുപത്രികളിലെ ശുചീകരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. 2007 സെപ്റ്റംബർ 1 മുതൽ പ്ലാസ്റ്റിക് ഉപയോഗം പൂർണ്ണമായി നിരോധിച്ചു. പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ടുള്ള ബാനർ എല്ലാ സർക്കാർ ആശുപത്രികളുടെ മുമ്പിലും പ്രദർശിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൻ കീഴിലുള്ള എല്ലാ ആശുപത്രികളിലും ഹെൽത്ത് ഇൻസ്പെക്ടർമാർ ഉൾപ്പെടുന്ന സാനിട്ടേഷൻ കമ്മിറ്റി രൂപീകരിച്ച് ശുചീകരണ സംവിധാനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ദിവസേന ഉണ്ടാകുന്ന ഖര മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനും കൊതുക് നിവാരണത്തിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബയോമെഡിക്കൽ വിഭാഗത്തിൽ മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ |

(തുടർച്ച .....)

അസോസിയേഷനുമായി സഹകരിച്ച് സംസ്ഥാന സർക്കാർ " ഇമേജ് " എന്ന ഖരമാലിന്യ സംസ്കരണ സംവിധാനം 14 ജില്ലകളിലെയും 100-ന് മുകളിൽ കിടക്ക കളുള്ള ജില്ലാ/താലൂക്ക് ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇതിനായി കൂടുതൽ ജീവന ക്കാരെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഹെൽത്ത് സൂപ്പർവൈസർമാരെ മറ്റു സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്. പാർട്ട്-ടൈം, സ്വീപ്പർ തസ്തിക നിലവിലില്ലാത്ത സ്ഥാപനങ്ങൾ കാഷ്വൽ സ്വീപ്പർമാരെ ഇതിനായി നിയമിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൻ കീഴിലുള്ള ആശുപത്രികളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

(സി) ഹൗസ് കീപ്പിംഗ് സംവിധാനം ഏതെല്ലാം ആശുപത്രികളിൽ നടപ്പാക്കിയിട്ടുണ്ട് ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ഹൗസ്കീപ്പിംഗ് സംവിധാനം നിലവിലുണ്ട്. ഹൗസ് കീപ്പിംഗ് സംവിധാനം നിലവിലുള്ള 13 ആശുപത്രികളിലെ പട്ടിക ചുവടെ ചേർക്കുന്നു.

1. മെഡിക്കൽ കോളേജ് ആശുപത്രി - തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്.
2. എ.സ്.എ.റ്റി ആശുപത്രി - തിരുവനന്തപുരം.
3. സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി - തിരുവനന്തപുരം, ആലപ്പുഴ, മട്ടാഞ്ചേരി, കോഴിക്കോട്.
4. വിക്ടോറിയ ആശുപത്രി - കൊല്ലം.
5. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത് - കോട്ടയം
6. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത് - കോഴിക്കോട്.

(തുടർച്ച .....)

| | | | |
|---|---|---|---|
| (ഡി) | അണുബാധമൂലം ഓപ്പറേഷൻ തീയേറ്ററുകൾ അടച്ചിടേണ്ട സാഹചര്യം ഉണ്ടാകാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ഡി) | തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലുള്ള വിവിധ വിഭാഗങ്ങളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള 600 ഓളം ജീവനക്കാർക്ക് ആശുപത്രികളിലെയും ഓപ്പറേഷൻ തീയേറ്ററുകളിലെയും അണുബാധ തടയുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് പരിശീലനം നൽകുകയുണ്ടായി. ആരോഗ്യ വകുപ്പിലെ വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ള 400 ഓളം ജീവനക്കാർക്ക് അണുബാധ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് പരിശീലനം നൽകുകയും ഇവരോട് ഇവർ ജോലിചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകണമെന്നും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആരോഗ്യ പരിപാടികളിൽ അണുബാധ തടയുന്നതിനുള്ള പരിശീലനം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിലെ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും സന്ദർശകരുടെയും ബാഹുല്യം മൂലമുള്ള അണുബാധ തടയുന്നതിന്റെ ഭാഗമായി സന്ദർശന സമയം 4 മണിമുതൽ 6 മണിവരെയാക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ഇ) | ആശുപത്രികളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | | വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132 | 10.3.2008 ൽ മറുപടിക്ക് |
|---|---|

## ഡോക്ടർമാരുടെ നിർബന്ധിത ഗ്രാമീണ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ :<br>ശ്രീ. എ.സി.മൊയ്തീൻ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ: | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| **എ)** ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് വിജയകരമായി പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ ഗ്രാമ പ്രദേശങ്ങളിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ സംസ്ഥാന മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനു ശേഷം ഒരു വർഷകാലത്തേയ്ക്ക് സ്നേഹിതൻ/സ്നേഹിത ഡോക്ടർമാരായി നിയമിക്കുന്നു. ഒരാളെയും ഗ്രാമീണ നിയമനത്തിൽനിന്നും ഒഴിവാക്കുന്നതല്ല. |
| **ബി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിർബന്ധിത ഗ്രാമീണ സേവനം വഴി ഡോക്ടർമാരുടെ സേവനം സംസ്ഥാനത്താകെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | **ബി)** എം ബി.ബി.എസ്, പി.ജി ഡിപ്ലോമ/ഡിഗ്രി കോഴ്സുകൾ പൂർത്തിയാക്കിയ ബോണ്ടുള്ള ഡോക്ടർമാരുടെ സേവനം നിർബന്ധിത ഗ്രാമീണ സേവനത്തിനായി സംസ്ഥാനത്താകെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| **സി)** നിർബന്ധിത ഗ്രാമീണ സേവനത്തിനു തയ്യാറാകാതിരിക്കുകയോ സേവനകാലാവധി പൂർത്തിയാക്കാതിരിക്കുകയോ ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | **സി)** നിർബന്ധിത ഗ്രാമീണ സേവനത്തിനായ നിയോഗിച്ച് പരമാവധി 18 മാസ കാലയളവിനുള്ളിൽ 90% ഹാജർ ഇല്ലാതിരിക്കുകയോ, ജോലിയിൽ ചേരാതിരിക്കുകയോ ചെയ്ത് കരാർ ലംഘിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നതാണ്. |
| ഡി) ഗ്രാമീണമേഖലയിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ? | ഡി) ആരോഗ്യവകുപ്പിൽ ഗ്രാമീണ മേഖലയിൽ നിലവിലുള്ള 437 ഒഴിവുകളിലേയ്ക്ക് വാക്ക്-ഇൻ-ഇൻറർവ്യൂ നടത്തി 225 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ 212 ഡോക്ടർമാരുടെ ഒഴിവുകൾ ഗ്രാമീണ മേഖലയിൽ ഇപ്പോൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 133 — 10.3.2008-ൽ മറുപടിക്ക്

## കൈത്തറി മേഖലയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ. | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; | (എ) കൈത്തറി മേഖലയുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം 1 ) |
| (ബി) ഇതിന്റെ ഫലമായി കൈത്തറി മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ബി) മൂലധനത്തിന്റെ അഭാവത്താൽ പ്രവർത്തന രഹിതമായി കിടന്ന പല കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളേയും സർക്കാർ ഓഹരി പങ്കാളിത്തം മുഖേന പ്രവർത്തനക്ഷമമാക്കുകയുണ്ടായി. വിപണനവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും അതുവഴി കൂടുതൽ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുവാനും വിറ്റഴിക്കുവാനും സാധിച്ചു. കൈത്തറി മേഖലയിൽ നിന്നും വിട്ടു നിന്ന മൂവായിരത്തോളം പേരെ ഈ മേഖലയിലേക്കു തിരിച്ചു കൊണ്ടു വരാൻ കഴിഞ്ഞു. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുവാനും, അതോടൊപ്പം ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ നെയ്ത്തുകാർക്ക് വിതരണം ചെയ്യുവാനും കഴിഞ്ഞു. തൽഫലമായി കയറ്റുമതി ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിച്ചു. കൈത്തറി തുണികൾ സ്ക്കൂൾ യൂണിഫോറമാക്കിയതിലൂടെ മൂവായിരത്തോളം തറികൾ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞു. |

| | |
|---|---|
| (സി) സ്കൂൾ കുട്ടികൾക്ക് ആവശ്യമായ കൈത്തറി തുണികൾ സംസ്ഥാനത്തിനകത്തു തന്നെ ഉത്പാദിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | സി) എല്ലാ ജില്ലകളിലും സ്കൂൾഹെഡ് മാസ്റ്റർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ഹാൻടെക്സ്, ഹാൻവീവ് പ്രതിനിധികൾ എന്നിവരുടെ യോഗം ജില്ലാ വ്യവസായ കേന്ദ്ര ജനറൽ മാനേജർമാർ വിളിച്ചു ചേർക്കുകയും ഓരോ ജില്ലയിലും സ്കൂൾ കുട്ടികളുടെ എണ്ണവും ആവശ്യം വേണ്ട തുണിയുടെ അളവും സാമ്പിളുകളും ശേഖരിച്ച് അടുത്ത അദ്ധ്യായന വർഷം തുടങ്ങുന്നതിന് മുമ്പ് വിതരണം ചെയ്യുന്നതിനായി ഹാൻവീവ്, ഹാൻടെക്സ്, ഖാദിബോർഡ്, ഇൻഡസ്ട്രീസ് കൈത്തറി സംഘങ്ങൾ, താല്പര്യമുള്ള പ്രൈമറി കൈത്തറി നെയ്ത്ത് സംഘങ്ങൾ എന്നീ ഏജൻസികളെ ചുമതലപ്പെടുത്തി. മുവായിരത്തോളം തറികൾ യൂണിഫോറ നിർമ്മാണത്തിനായി പ്രവർത്തന സജ്ജമാക്കി. അപ്രകാരം ഇതുവരെ ഹാൻടെക്സ് 2.40 ലക്ഷം മീറ്ററും ഹാൻവീവ് 3.65 ലക്ഷം മീറ്ററും ഖാദി ബോർഡ് 1 ലക്ഷം മീറ്ററും തുണി നെയ്ത് കഴിഞ്ഞിട്ടുണ്ട്. സ്കൂൾ തുറക്കുന്ന അവസരങ്ങളിൽ കൈത്തറിക്ക് റിബേറ്റ് നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. |
| (ഡി) കൈത്തറി വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ഡി) കൈത്തറി വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സഹായം ലഭ്യമാക്കുന്നതിന് വകുപ്പു തലത്തിലും മന്ത്രി തലത്തിലും കേന്ദ്ര ഗവൺമെൻറിന്റെ ടെക്സ്റ്റയിൽസ് മന്ത്രാലയവുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. വിവിധ പദ്ധതികളിലായി ലഭ്യമാകാതിരുന്ന മൂന്നു കോടിയോളം രൂപ ലഭ്യമാക്കാൻ കഴിഞ്ഞു. കൂടാതെ ഏഴു കോടിയോളം രൂപ ഉടനെ ലഭ്യമാകുന്നതാണ്. |
| ഇ) റിബേറ്റ് കുടിശ്ശിക പൂർണ്ണമായും തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ? | ഇ) ഉണ്ട്. 2002-03 വർഷം മുതൽ 2007-08 വർഷം വരെയുള്ള വർഷങ്ങളിൽ ആകെ 12.50 കോടിയോളം രൂപ സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശികയായി നല്കാനുണ്ട്. എന്നാൽ ഹാൻടെക്സിന്റെ 2005-06 വരെയുള്ള റിബേറ്റ് കുടിശ്ശിക കൊടുത്തു തീർത്തിട്ടുണ്ട്. 2007 ഡിസംബർ മാസം വരെയുള്ള 100% കേന്ദ്ര റിബേറ്റിനുള്ള (ഇത് ഏകദേശം 7,11,00,000/- രൂപ) തുക ലഭിക്കുന്നതിനായി ഹാൻറ് ലൂം ഡവലപ്പ്മെൻറ് കമ്മീഷണർ (ന്യൂഡൽഹി)ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതമായ 10% റിബേറ്റ് തിരുവനന്തപുരം ജില്ലയ്ക്ക് 8/2006 വരെയും |

മറ്റു ജില്ലകൾക്ക് 4/2007 വരേയും കൊടുത്തു തീർത്തിട്ടുണ്ട്. സംസ്ഥാന വിഹിതമായ 20% റിബേറ്റ് കുടിശ്ശിക തുക അനുവദിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 20.10.2008 ൽ ചേർന്ന സംസ്ഥാന കൈത്തറി വികസന സമിതിയുടെ യോഗത്തിൽ പരിഗണിക്കുകയും അപ്രകാരം സംസ്ഥാന റിബേറ്റ് 10% ആയി കുറയ്ക്കുന്നതിനും, റിബേറ്റ് ദിനങ്ങൾ കേന്ദ്ര സർക്കാരിന് അനുപാതമായി വർദ്ധിപ്പിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു നാളിതുവരെയുള്ള സംസ്ഥാന വിഹിതമായ റിബേറ്റ് കുടിശ്ശിക തുക പൂർണ്ണമായും അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

സെക്ഷൻ ആഫീസർ

(അനുബന്ധം 1)

| നമ്പർ | പദ്ധതികൾ |
|---|---|
| 1. | <u>കൈത്തറി വ്യവസായം സംസ്ഥാന പദ്ധതി</u> |
| 2 | പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിലെ സർക്കാർ ഓഹരി പങ്കാളിത്തം |
| 3 | വിപണനവും കയറ്റുമതി പ്രോത്സാഹന പദ്ധതി |
| 4 | പരിശീലന വൈദഗ്ധ്യ വികസന പരിപാടി |
| 5 | നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ |
| 6 | ഹാന്റക്സ്/ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം |
| 7 | ഫാക്ടറി മാതൃക സംഘങ്ങളുടെ ആധുനികവൽക്കരണം, യന്ത്രത്തറി ഉന്നമനം |
| 8 | മിനി പ്രീലൂം പ്രോസസ്സ് സെന്റർ സ്ഥാപിക്കൽ |
| 9 | സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തലും കൈത്തറി നെയ്ത്തുകാർക്ക്/ തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റവും |
| 10 | ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ (എ.സി.എ പദ്ധതി) |
| 11 | **<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>** |
| 12 | ദീൻദയാൽ ഹാത്കർഗ പ്രോത്സാഹന യോജന (ഡി.ഡി.എച്ച്.പി.വൈ) **50% കേന്ദ്രവിഹിതം** |
| 13 | കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി ഡി.ഇ.വി.എ(25 % സംസ്ഥാന വിഹിതം) |
| 14 | അംശദാന സമ്പാദ്യ പദ്ധതി (50% സംസ്ഥാന ഓഹരി) |
| 15 | ഭവനങ്ങളോട് ചേർന്ന് പണിശാലകളുടെ നിർമ്മാണം (100 % കേന്ദ്രസഹായം) |
| 16 | എൻഫോഴ്സ്മെന്റ് മെഷിനറി (100 % കേന്ദ്ര വിഹിതം) |
| 17 | കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി |
| 18 | പുതിയ പദ്ധതി (ഫ്ളാഗ് ഷിപ്പ് പദ്ധതി) |
| 19 | കൈത്തറി സഹകരണ സംഘങ്ങളെയും അപ്പക്സ് സംഘങ്ങളേയും പുനരുദ്ധരിക്കലും ശക്തിപ്പെടുത്തലും |
| 20 | ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വിദഗ്ധ നെയ്ത്തുകാർക്ക് പ്രോത്സാഹനം |
| 21 | കൈത്തറി വ്യവസായത്തിൽ പ്രാദേശിക ബ്രാന്റുകളുടെ വികസനം |
| 22 | കൈത്തറി നെയ്ത്തുകാർക്ക് വൈദഗ്ധ്യം ഉയർത്തൽ പരിശീലനത്തിനായി നെയ്ത്തുകാർക്കുള്ള സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ |
| 23 | സാങ്കേതിക വിദ്യാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ (എ.സി.എ പദ്ധതി) |
| 24 | യന്ത്രത്തറി വ്യവസായം സംസ്ഥാന പദ്ധതികൾ |
| 25 | യന്ത്രത്തറിയിൽ പരിശീലനത്തിന് സൗകര്യങ്ങളുടെ നിലവാരം ഉയർത്തൽ |
| 26 | യന്ത്രത്തറി സഹകരണ സംഘങ്ങളുടെ നവീകരണത്തിനുള്ള ഓഹരി പങ്കാളിത്തം |
| 27 | **കേന്ദ്രാവിഷ്കൃത പദ്ധതി** |
| 28 | യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി(50 % സംസ്ഥാന വിഹിതം) |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 134 — 10.3.2008- ൽ മറുപടിയ്ക്ക്

## മെഡിക്കൽ സർവ്വകലാശാല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാഴികാടൻ: | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ. മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടം വരെയായി ;<br><br>ബി. ഇതു സംബന്ധിച്ച് നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;<br><br>(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; | (എ), (ബി) & (സി)<br><br>കേരളത്തിൽ ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠനം നടത്തുവാനും അതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി രൂപീകരിച്ച ഡോ. ബി. ഇക്ബാൽ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പഠിച്ചു വരുന്നു. |
| (ഡി) ഏതു മെഡിക്കൽ കോളേജിനോടനുബന്ധിച്ചാണ് സർവ്വകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം അറിയിക്കാമോ ? | (ഡി) ഇതു സംബന്ധിച്ച് തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135 | 10.03.2008 -ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടികളുടെ പ്രവർത്തനം | |
| ചോദ്യം | ഉത്തരം |
| ശ്രീമതി.കെ.കെ. ലതിക<br>" കെ.കെ. ശൈലജ ടീച്ചർ<br>" കെ.എസ്. സലീഖ<br>" പി.അയിഷാ പോറ്റി<br>" ജെ. അരുന്ധതി | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) മൂന്ന് വയസ്സിന് താഴെ പ്രായമായ കുട്ടികൾക്ക് നിലവിൽ നൽകിവരുന്ന ഉപ്പുമാവ് പൂർണ്ണമായും കഴിക്കുവാനും അതിൽ കുട്ടിക്ക് ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തുവാൻ കഴിയാത്തതുകൊണ്ടും പോഷകാഹാരം ഉറപ്പുവരുത്തുവാൻ THRS (ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി) എന്ന പദ്ധതി നടപ്പിലാക്കി. ഇതുപ്രകാരം എളുപ്പത്തിൽ പാകം ചെയ്ത് കുട്ടികൾക്ക് നൽകാൻ കഴിയുന്ന ആവശ്യമായ പോഷകമൂല്യം ഉൾപ്പെടുന്ന ഒരു ഫുഡ്മിക്സ് കുടുംബശ്രീ മുഖാന്തിരം തയ്യാറാക്കി നൽകിവരുന്നു.<br>• സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 6722 അംഗൻവാടികൾ പൂർണ്ണമായും പ്രവർത്തനയോഗ്യമാക്കി.<br>• അംഗൻവാടികൾ പ്രീ-പ്രൈമറി സ്കൂളുകളായി ഉയർത്തുന്നതിന്റെ ഭാഗമായി വിദഗ്ധരെ ഉൾപ്പെടുത്തി പ്രീ-സ്കൂൾ കരിക്കുലം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയുണ്ടായി.<br>• ഈ കരിക്കുലം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗൻവാടി വർക്കർമാർക്ക് ഒരാഴ്ചക്കാല ദൈർഘ്യമുള്ള പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻ പ്രകാരം 2580 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. |

| | | |
|---|---|---|
| | | • സംസ്ഥാനത്ത് ആദ്യമായി ഹെൽപ്പർമാരുടെ സേവനത്തിന് അംഗീകാരം നൽകുവാനും അവർക്ക് അവാർഡ് ഏർപ്പെടുത്തുവാനും തീരുമാനമെടുത്തു. വർക്കർമാർക്കുപുറമെ 37 അംഗൻവാടി ഹെൽപ്പർമാർക്കും 3,000/- രൂപ വീതം അവാർഡ് നൽകുന്നതാണ്.<br><br>• അംഗൻവാടികളിൽ വിറക്, പച്ചക്കറി എന്നിവയ്ക്ക് നൽകിവരുന്ന തുക 20 പൈസയിൽ നിന്നും 50 പൈസയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അംഗൻവാടി ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഒരു കിലോയ്ക്ക് 50 പൈസയായി ഉയർത്തിയിട്ടുണ്ട്. (ജി.ഒ. (എം.എസ്) 19/2007/സാക്ഷേവ തീയതി 25.4.2007)<br><br>• അംഗൻവാടികളിലെ സപ്ലിമെന്ററി ന്യൂട്രീഷന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സഹായമായ 60,91,46,000/- രൂപ ലഭ്യമാക്കി.<br><br>• അംഗൻവാടി കണ്ടിൻജൻസി സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി ഓരോ അംഗൻവാടികൾക്കും 600/- രൂപ വീതം അനുവദിച്ചു.<br><br>• അംഗൻവാടി കെട്ടിടങ്ങൾക്ക് വാടക ഗ്രാമ പ്രദേശങ്ങളിൽ 200/- രൂപയായും നഗര പ്രദേശങ്ങളിൽ 750 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ അംഗൻവാടി കെട്ടിടങ്ങൾക്ക് പി.ഡബ്ല്യൂ.ഡി. നിശ്ചയിക്കുന്ന വാടക നൽകുവാനും മേൽപ്പറഞ്ഞ 200, 750 എന്നിവയ്ക്ക് പുറമേ അധികമായി വരുന്ന തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുവാനും അനുമതിയുണ്ട്. (1. 29.10.2007-ലെ സ.ഉ.(സാധ) നം.2934/07/ധനവ്യവ 2. 25.8.2007-ലെ സ.ഉ.(സാധാ) നം.410/07/സാക്ഷേവ) |

| | | |
|---|---|---|
| | | • അംഗൻവാടികളെ സാമൂഹ്യവികസകേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 77 അംഗൻവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുവാനുള്ള അനുമതി നടപ്പ് വർഷം നൽകി. അംഗൻവാടികളിൽ കുമാരി ക്ലബുകളുടെ രൂപീകരണം ശക്തമാക്കുന്നതിന് കൗമാര പ്രായക്കാരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം, ബോധവൽക്കരണം എന്നീ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഓരോ ബ്ലോക്കിനും 1.05 ലക്ഷം രൂപ വീതം കെ.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചു നൽകി.<br><br>• അംഗൻവാടികളിൽ പ്രീ-സ്കൂൾ കിറ്റ് നൽകുന്നതിന് വേണ്ടി ഓരോ അംഗൻവാടിയ്ക്കും 500/- രൂപ വീതം അനുവദിച്ചു.<br><br>• അംഗൻവാടികളിൽ മെഡിസിൻ കിറ്റ് വിതരണം നടത്തി. (സ.ഉ.(സാധാ)48/07/സാക്ഷേവ തീയതി 1.9.2007) |
| (ബി) | അംഗൻവാടികളിൽ ഫർണിച്ചർ, പാത്രങ്ങൾ എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) | സംസ്ഥാനത്ത് പുതുതായി എത്ര അംഗൻവാടികൾ അനുവദിച്ചു; | (സി) 2006-07ൽ 3132 അംഗൻവാടികളും 2007-2008ൽ ഇതുവരെ 3614 അംഗൻവാടികളും അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) ഉണ്ട് |
| (ഇ) | സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തീര പ്രദേശങ്ങളിൽ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) ഉണ്ട്. സുനാമി ബാധിത പ്രദേശങ്ങളിൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 313 അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിനുവേണ്ടി 12.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു അംഗൻവാടിക്ക് 3.50 ലക്ഷം രൂപ വീതമാണ് നിർമ്മാണത്തിന്റെ അടങ്കൽ തുക. സുനാമി റെസിസ്റ്റൻസ് റൂഫോടുകൂടിയതും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ്, മഴവെള്ള സംഭരണി തുടങ്ങിയ സംവിധാനങ്ങളോടുകൂടിയ അംഗൻവാടി കെട്ടിട നിർമ്മാണത്തിനാണ് അനുമതി നൽകിയിരിക്കുന്നത്. കെട്ടിടത്തിന്റെ നിർമ്മാണ ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിനാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136

10..03.2008-ൽ മറുപടിക്ക്

## നാഷണൽ റൂറൽ ഹെൽത്ത് മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ മാത്യു.ടി. തോമസ്<br>ശ്രീ എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ ജോസ് തെറ്റയിൽ<br>ശ്രീ കെ.പി. മോഹനൻ | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തു നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | എ) താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ ദേശീയ ആരോഗ്യ മിഷൻ വഴി നടപ്പാക്കിവരുന്നു.<br>1. കേരളത്തിലെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളും (സി.എച്ച്.സി) ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡിലേക്ക് ഉയർത്താൻ നടപടികൾ സ്വീകരിച്ചു.<br><br>2. കൊതുകു നിവാരണത്തിനും ചിക്കുൻ ഗുനിയ രോഗ പ്രതിരോധ നടപടികൾക്കുമായി പ്രവർത്തനങ്ങൾ നടത്തി.<br><br>3. എസ്.എ.റ്റി. ആശുപത്രിയിൽ അണുബാധ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.<br><br>4. വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ വാർഡുതലത്തിൽ പ്രവർത്തനമാരംഭിച്ചു. ഈ കമ്മിറ്റികൾക്ക് വാർഡുകളിൽ ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഫണ്ട് നൽകി. വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ സംസ്ഥാനത്ത് ഉടനീളം ആരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>5. ഓരോ നിയോജകമണ്ഡലത്തിലും ആരോഗ്യ മേളകൾ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചു. വിവിധ നിയോജക മണ്ഡലങ്ങളിൽ ആരോഗ്യ മേളകൾ നടത്തിവരുന്നു.<br><br>6. സബ്സെന്റർ, പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, എന്നീ സ്ഥാപനങ്ങൾക്ക് ഡ്രഗ് കിറ്റ് വിതരണം ചെയ്തു.<br><br>7. തൈക്കാടുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ |

നാലുനില കെട്ടിടം പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനായി ഒരു കോടി രൂപയുടെ ധനസഹായം നൽകി. ഈ കെട്ടിടത്തിൽ ഇപ്പോൾ ആശുപത്രി പ്രവർത്തിച്ച് വരുന്നു.

8. താൽക്കാലികാടിസ്ഥാനത്തിൽ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യാനുസരണം നഴ്സുമാരെ നിയമിച്ചു.

9 നിർബന്ധിത ഗ്രാമീണ സേവനത്തിന്റെ ഭാഗമായി വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ [illegible] [illegible] ഡോക്ടർമാരെ നിയമിച്ചു. പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് കഴിഞ്ഞുവരുന്ന സ്പെഷ്യലിസ്റ്റുകളെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നിയമിച്ചു.

10. ഉപകേന്ദ്രങ്ങൾക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും സ്വതന്ത്ര വിനിയോഗ ഫണ്ട് നൽകി. ഈ ഫണ്ട് ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തനായി മറ്റു ആരോഗ്യ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിച്ചുവരുന്നു.

11. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കു മെയിന്റനൻസ് ഗ്രാന്റ് നൽകി.

12. വിവിധ ആശുപത്രികളിൽ ആവശ്യാനുസരണം സ്പെഷ്യലിസ്റ്റുകളെ നിയമിച്ചു. പല ആശുപത്രികളിലും ഉച്ചകഴിഞ്ഞും ഒ.പി. സൗകര്യം പുതുതായി നിയമിച്ച തൽക്കാലിക ഡോക്ടർമാരുടെ സഹായത്തോടെ നടത്തിവരുന്നു.

13. ആയുർവേദ വകുപ്പിന്റെയും ഹോമിയോ വകുപ്പിന്റെയും കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യാനുസരണം താൽക്കാലിക ഡോക്ടർമാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചു.

14. എസ്.എ.ടി. ആശുപത്രിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചു. സ്റ്റാഫ് നഴ്സ് -93, ഇ.സി.ജി. ടെക്നീഷ്യൻ-4, ലാബ് ടെക്നീഷ്യൻ-3, എസ്.ആർ.ടി -3 (കോൺട്രാക്റ്റ്)

15. ജനനീ സുരക്ഷാ യോജന

| | |
|---|---|
| | (ജെ.എസ്.വൈ) പദ്ധതി നടപ്പാക്കി. ഈ പദ്ധതി പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടിക- ജാതി പട്ടിക- വർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് ധനസഹായം നൽകി<br><br>16. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആശ പ്രവർത്തകരെ (അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്) നിയമിക്കാനുള്ള നടപടികളാരംഭിച്ചു.<br><br>17. പ്രതിമാസ വാർഡുതല ആരോഗ്യ പോഷകദിനം കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു.<br><br>18. പൊതുജന ആരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു ആരോഗ്യ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള വിവിധ മാധ്യമങ്ങൾ വഴി പ്രചാരണം നടത്തി.<br><br>19. ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനും റിപ്പോർട്ടിങ്ങ് കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർ മാരെ നിയമിച്ചു.<br>വേക്കൻസി - 234, നിയമിച്ചത് - 196<br><br>20. കേരളത്തിലെ ഏറ്റവും വലിയ സ്കൂളായ കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിൽ ഒരു ഹെൽത്ത് ക്ലിനിക്ക് ആരംഭിച്ചു.<br><br>21. തിരുവനന്തപുരം ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപങ്ങളും കംപ്യൂട്ടർ വൽക്കരിച്ചു.<br><br>22. ആരോഗ്യ കേരളം പദ്ധതിക്കായി ഒരു വെബ്സൈറ്റ് (www.arogyakeralam.gov.in) പ്രവർത്തനമാരംഭിച്ചു.<br><br>23. സംസ്ഥാന രോഗ നിയന്ത്രണ നിരീക്ഷണ സെൽ പ്രവർത്തനമാരംഭിച്ചു. |
| ബി) എൻ.ആർ.എച്ച് എം ഫണ്ട് ഉപയോഗിച്ച് കേരളത്തിൽ എല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ കെട്ടിടം പണിയാൻ | ബി) എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളും എൻ.ആർ.എച്ച് എം പദ്ധയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ |

| | |
|---|---|
| ജില്ലയിൽ എന്ന് വ്യക്തമാക്കാമോ? | ആരംഭിക്കാനിരിക്കുകയാണ്. താഴെ പ്രതിപാദിച്ചിട്ടുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പണി ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവ ഉടനെതന്നെ തുടങ്ങുന്നതാണ്.<br>1. സി.എച്ച്.സി. കന്യാകുളങ്ങര<br>2. സി.എച്ച്.സി. അഞ്ചൽ<br>3. സി.എച്ച്.സി. ഓച്ചിറ<br>4. സി.എച്ച്.സി. കഞ്ഞിക്കുഴി<br>5. സി.എച്ച്.സി. ചെങ്ങമനാട്<br>6. സി.എച്ച്.സി. വെങ്ങോല<br>7. സി.എച്ച്.സി. പിറവം<br>8. സി.എച്ച്.സി. പുത്തൻചിറ<br>9. സി.എച്ച്.സി. കുഴൽമന്ദം<br>10. സി.എച്ച്.സി. മയ്യിൽ<br>11. സി.എച്ച്.സി. ഇരുവേരി<br>12. സി.എച്ച്.സി. പാപ്പിനിശ്ശേരി<br>13. സി.എച്ച്.സി. തൃക്കരിപ്പൂർ<br>14. സി.എച്ച്.സി. കടയ്ക്കൽ<br>15. സി.എച്ച്.സി. പത്തനാപുരം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 137 — 10.3.2008ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു പോൾ<br>" മാങ്കോട് രാധാകൃഷ്ണൻ<br>" പള്ളിപ്രം ബാലൻ<br>" കെ.രാജു<br>" വി.എസ്.സുനിൽ കുമാർ | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി. |
| (എ) കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മന്ത്രിസഭാഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ചു. 16.2.08 ലെ ജി.ഒ (എം.എസ്) 10/08 ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ട് ബോണ്ട് ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടിയുടെ ബോണ്ട് ഇറക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി)ബോണ്ട് ഇറക്കുന്നതിന് മന്ത്രിസഭാ ഉപസമിതി ശുപാർശ ചെയ്തിട്ടുണ്ട്. 160 കോടി രൂപയുടെ ബോണ്ട് ഇറക്കുന്നതിനാണ് ശുപാർശ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

സംഗ്രഹം

ഗതാഗതവകുപ്പ് - കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പുനരുദ്ധാരണം സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഗതാഗത (എ) വകുപ്പ്

സ.ഉ(എം.എസ്).നമ്പർ. 10/2008/ഗതാഗതം. തിരുവനന്തപുരം, തീയതി 16..02.2008.

---

പരാമർശം: (1). 14..07..2006-ലെ ജി.ഒ.(എം.എസ്).36/06/ഗതാഗതം.
(2). കെ.എസ്.ആർ.ടി.സി, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ 19..02..2007-ലെ ബഡ്1/1637/07/നമ്പർ കത്ത്.

## ഉത്തരവ്

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നും, ഓരോ മാസവും കോർപ്പറേഷന്റെ വരവും ചിലവും തമ്മിലുള്ള അന്തരം കൂടി വരികയാണെന്നും കാണിച്ചുകൊണ്ട് കോർപ്പറേഷനെ പ്രതിസന്ധിയിൽ നിന്നും വിമുക്തമാക്കുവാൻ അടിയന്തിര സാമ്പത്തിക സഹായം സർക്കാർ അനുവദിക്കണമെന്ന് കോർപ്പറേഷൻ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ച് കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുവേണ്ടി സമഗ്രമായ ഒരു പാക്കേജ് തയ്യാറാക്കുന്നതിന് ഗതാഗതവകുപ്പ് മന്ത്രി ചെയർമാനും, ധനകാര്യം, തൊഴിലും എക്സൈസും, ഭക്ഷ്യവും മൃഗസംരക്ഷണവും വകുപ്പ് മന്ത്രിമാർ മെമ്പർമാരുമായി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കാബിനറ്റ് സബ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും, സമഗ്രപുനരുദ്ധാരണത്തിനുമായി വിവിധ നിർദ്ദേശങ്ങൾ സൂചന രണ്ടിലെ കത്ത് പ്രകാരം സർക്കാരിലേക്ക് അംഗീകാരത്തിന് കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വിശദമായി പരിശോധിച്ചു. കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശവും പ്ലാനിംഗ് ബോർഡ് ഇതിൻമേൽ നൽകിയ അഭിപ്രായവും മേൽ പറഞ്ഞ മന്ത്രിസഭ ഉപസമിതി പരിശോധിക്കുകയും താഴെപ്പറയുന്ന ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് തയ്യാറാക്കുകയും ചെയ്തു.

01. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കുന്നതിനുവേണ്ടി പ്രതിവർഷം 1000 ബസ്സുകൾ വീതം പുറത്തിറക്കേണ്ടതാണ്. ഇതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കുമ്പോൾ സർക്കാർ ഗ്യാരണ്ടി ഉറപ്പ് വരുത്തുന്നതാണ്.

02. ഇപ്പോഴുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി, ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കൊടുത്ത് തീർക്കേണ്ട 160 കോടി രൂപയുടെ ബാദ്ധ്യത ട്രാൻസ്പോർട്ട് ബോണ്ടായി ഇറക്കുന്നതിനുവേണ്ടി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

03. കോർപ്പറേഷൻ സർക്കാരിന് നൽകേണ്ട 31..03..2008 വരെയുള്ള ബാദ്ധ്യതകൾ എഴുതിതള്ളാൻ നടപടികൾ സ്വീകരിക്കേണ്ടതും, ഇപ്പോൾ കോർപ്പറേഷനുള്ള ആസ്തിയുടെ വില പുനർ നിർണ്ണയം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇതു വഴി കോർപ്പറേഷന്റെ ധനകമ്മി കുറച്ച് ബാലൻസ് ഷീറ്റ് തയ്യാറാക്കേണ്ടതാണ്.

04. തിരുവനന്തപുരം ജില്ലയിൽ ഓടുന്ന സമാന്തര സർവ്വീസ്സുകളെ കോർപ്പറേഷൻ ബസ്സുകൾ ഓടിക്കുന്ന മുറയ്ക്ക് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതെ പൂർണ്ണമായി നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എം.സി/എൻ.എച്ച് റോഡുകളിലൂടെ ഓടുന്ന സമാന്തര സർവ്വീസ്സുകളെയും ഘട്ടം ഘട്ടമായി നിയന്ത്രിക്കാൻ നടപടികൾ എടുക്കേണ്ടതാണ്.

05. കോർപ്പറേഷന്റെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കത്തക്കവിധത്തിൽ ഒന്നാം ഘട്ടമായി കെ.ടി.ഡി.എഫ്.സി.യുമായി ചേർന്ന് മുപ്പത് (30) പ്രധാന കേന്ദ്രങ്ങളിൽ (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു), അന്താരാഷ്ട്ര നിലവാരമുള്ള ഷോപ്പിംഗ് കോപ്ളക്സുകൾ നിർമ്മിക്കേണ്ടതാണ്. ഇവ നിർമ്മിക്കുമ്പോൾ യാത്രക്കാർക്ക് വിശ്രമമുറികളും, പ്രാഥമിക കാര്യങ്ങൾ ചെയ്യുന്നതിനുമുള്ള സൗകര്യവും ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ജീവനക്കാർക്ക് വിശ്രമസൗകര്യങ്ങളും, ഓഫീസും, ഗ്യാരേജും ഉണ്ടായിരിക്കേണ്ടതുമാണ്. രണ്ടാം ഘട്ടമായി പ്രധാന 29 കേന്ദ്രങ്ങളിൽ ഇതേ രീതിയിലുള്ള ഷോപ്പിംഗ് കോപ്ളക്സുകൾ നിർമ്മിക്കേണ്ടതാണ്.

06. 2008 ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കും, കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും കെ.ടി.ഡി.എഫ്.സി.യിൽ നിന്നും ലോൺ എടുക്കുന്ന അനുപാതം 50% -ൽ നിന്നും 65%-മായി ഉയർത്തേണ്ടതാണ്.

07. ടിക്കറ്റില്ലാതെ യാത്രചെയ്യുന്ന യാത്രക്കാർക്ക് മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് അഞ്ഞൂറ് (500) രൂപവരെ പരിശോധന നടത്തി ഫൈൻ ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി-യിലെ ഇൻസ്പെക്ടർമാർക്കും, അതിന് മുകളിലുള്ള ഉദ്യോഗസ്ഥർക്കും അധികാരം നൽകുന്നതാണ്. ഇതിനാവശ്യമായ ഗവൺമെന്റ് ഉത്തരവ് അടിയന്തിരമായി പുറത്തിറക്കുന്നതാണ്.

08. കെ.എസ്.ആർ.ടി.സി-യിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കരാറിന്റെ കാലാവധി 01..03..2007-ൽ പത്തുവർഷം അധികരിച്ച സാഹചര്യത്തിൽ ശമ്പളപരിഷ്ക്കരണ ചർച്ച നടത്തുന്നതിനും, 01..01..2008 മുതൽ ഇടക്കാലാശ്വാസം ജീവനക്കാർക്കും, ഓഫീസർമാർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

09. കെ.ടി.ഡി.എഫ്.സി.ക്ക് തിരിച്ചടയ്ക്കാനുള്ള ലോണിനെ സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്ത് തീരുമാനിക്കും.

10. പുതിയ ബസ്സുകൾ ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷന് ശേഷം യൂണിറ്റുകളിലേയ്ക്ക് അനുവദിക്കുന്നതിനുള്ള പൂർണ്ണ ചുമതല കോർപ്പറേഷൻ മാനേജ്മെന്റിനാണ്. ഈ ബസ്സുകൾ അനുവദിക്കുമ്പോൾ അധികവരുമാനം കോർപ്പറേഷന് ലഭ്യമാകത്തക്കവിധത്തിൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

11. കെ.എം.പി.എൽ. ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് കോർപ്പറേഷന്റെ ചെലവ് കുറയ്ക്കാൻ നടപടികൾ എടുക്കേണ്ടതാണ്.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും പുനരുദ്ധാരണത്തിനുമായി മന്ത്രിസഭാ ഉപസമിതി തയ്യാറാക്കിയ ശുപാർശകൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**കെ.ആർ.ജ്യോതിലാൽ**
സ്പെഷ്യൽ സെക്രട്ടറി.

കോപ്പി

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജി.എ.ഡി.(എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഗതാഗതവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ധനകാര്യവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തൊഴിലും എക്സൈസും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ഭക്ഷ്യവും മൃഗസംരക്ഷണവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

(31)

അനുബന്ധം

1. അങ്കമാലി
2. തിരുവനന്തപുരം സെൻട്രൽ
3. കോഴിക്കോട്
4. എസ്.ടി.സി, ഫോർട്ട്, തിരുവനന്തപുരം
5. മലപ്പുറം
6. പേരൂർക്കട
7. എറണാകുളം
8. പാലക്കാട്
9. തൃശ്ശൂർ
10. പത്തനംതിട്ട
11. കായംകുളം
12. കൊല്ലം
13. വികാസ്ഭവൻ
14. വൈക്കം
15. പയ്യന്നൂർ
16. പുനലൂർ
17. ചെങ്ങന്നൂർ
18. ചങ്ങനാശ്ശേരി
19. തിരുവല്ല
20. കോട്ടയം
21. കരുനാഗപ്പള്ളി
22. ആലപ്പുഴ
23. ആറ്റിങ്ങൽ
24. ചേർത്തല
25. ഗുരുവായൂർ
26. നെടുമങ്ങാട്
27. പാല
28. മൂവാറ്റുപുഴ
29. വിഴിഞ്ഞം
30. ഏറ്റുമാനൂർ

fsm/

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.138 | 10/03/2008-ൽ മറുപടിയ്ക്ക് |
|---|---|

## ആയുർവേദ സെൻട്രൽ യൂണിവേഴ്സിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി. | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കോട്ടക്കൽ കേന്ദ്രമാക്കി ആയുർവേദ സെൻട്രൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) | കോട്ടയ്ക്കൽ കേന്ദ്രമായി ആയുർവേദ കോളേജിനെ ഒരു സെന്റർ ഓഫ് എക്സലൻസാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ബി) | ഇതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് സർവ്വകക്ഷി നിവേദക സംഘത്തെ ഡൽഹിയിലേക്കയക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | ഇപ്പോൾ അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. |
| (സി) | ഒരു ആയുർവേദ സർവ്വകലാശാല കണ്ണൂരോ, തിരുവനന്തപുരമോ കേന്ദ്രമായി തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി & ഡി) | സംസ്ഥാനത്ത് ഒരു 'ആയുഷ്' സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയുക്തമായിരുന്ന ആയുർവേദ കമ്മിറ്റിയും ഹോമിയോപ്പതി കമ്മിറ്റിയും അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭ്യമാക്കിയിട്ടുള്ളത് പരിശോധിച്ചുവരുന്നതേയുള്ളൂ. തീരുമാനമെടുത്തിട്ടില്ല. തീരുമാനമെടുക്കുമ്പോൾ നിർദ്ദിഷ്ട സർവ്വകലാശാലയുടെ ഘടന, ആസ്ഥാനം മറ്റു സ്ഥാപനങ്ങളുടെ പദവി എന്നിവ സംബന്ധിച്ച് വ്യക്തതയുണ്ടാകുന്നതാണ് |
| (ഡി) | ആയുർവേദ ഗവേഷണങ്ങളും പ്രത്യേക കോഴ്സുകളും പ്രോത്സാഹിപ്പിക്കുന്നതിനായി യൂണിവേഴ്സിറ്റി ഫോർ ആയുഷ് എന്ന പേരിൽ ഒരു സ്ഥാപനം തിരുവനന്തപുരം ആസ്ഥാനമായി ആരംഭിക്കും എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് കോട്ടക്കലിന്റെ സാദ്ധ്യതയെ എങ്ങനെ ബാധിക്കും എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 139 | 10.3.2008 ന് മറുപടിക്ക് |
|---|---|

### മരുന്നുവാങ്ങുന്ന നടപടിക്രമം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. വർക്കല കഹാർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) കഴിഞ്ഞവർഷംവരെ സെൻട്രൽ പർച്ചേസ് കമ്മിറ്റി മരുന്നു വാങ്ങിയിരുന്നപ്പോൾ പ്രതിവർഷം ഓരോ ഇനത്തിലുംപ്പെട്ട എത്ര മരുന്നു വീതം വാങ്ങണമെന്നാണ് തീരുമാനിച്ചിരുന്നത്; | എ) സെൻട്രൽ പർച്ചേസ് കമ്മിറ്റി കഴിഞ്ഞ വർഷം വരെ 34 ഇനങ്ങളിൽപ്പെട്ട 608 തരം മരുന്നുകളും മറ്റ് സാധനങ്ങളുമാണ് വാങ്ങി വിതരണം നടത്തിയിരുന്നത്. |
| ബി) ഇതിൽ കുറവ് വരുത്തണമെങ്കിൽ സി.പി.സി. സ്വീകരിച്ചിരുന്ന നടപടി ക്രമമെന്തായിരുന്നു; | ബി) സി.പി.സി.യിൽ ഏതെല്ലാം മരുന്നുകൾ ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത് സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്ന സ്റ്റേറ്റ് ഡ്രഗ്സ് ഫോർമുലറി കമ്മിറ്റിയാണ്. മൂന്ന് വർഷത്തിലൊരിക്കൽ പുനരവലോകനം നടത്തുന്ന പോളിസി പ്രകാരം പ്രസ്തുത കമ്മിറ്റി നൽകുന്ന ശുപാർശയും നിർദ്ദേശവും അനുസരിച്ചാണ് ഓരോ വർഷവും വാങ്ങുവാനുള്ള മരുന്നുകൾ നിശ്ചയിക്കുന്നത്. |
| സി) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മരുന്ന് വാങ്ങാൻ തുടങ്ങിയപ്പോൾ ഓരോ മരുന്നും എത്ര അളവ് വാങ്ങണമെന്ന് തീരുമാനിച്ചത് എപ്രകാരമാണ്; | സി) കോർപ്പറേഷൻ ഇതുവരെ മരുന്ന് വാങ്ങിയിട്ടില്ല. ആവശ്യമായ ഏകദേശ അളവിന് ടെൻഡർ ക്ഷണിച്ചിട്ടേയുള്ളു. മരുന്നു സംഭരണത്തിലെ പാഴ്ച്ചെലവുകൾ പരമാവധി കുറയ്ക്കുക, സംഭരണത്തിലെ ചെലവുകൾ മിതപ്പെടുത്തുക, വിതരണം സുഗമമാക്കുക എന്നീലക്ഷ്യങ്ങൾ മുൻനിർത്തിയാണ് എത്ര അളവു മരുന്നിന് ടെൻഡർ ക്ഷണിക്കണമെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തീരുമാനിച്ചത്. വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചാണ് തീരുമാനമെടുത്തിട്ടുള്ളത്. |

| | |
|---|---|
| ഡി) ഹെൽത്ത് സർവ്വീസ് ഡയറക്ടറും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നൽകിയ ഇൻഡന്റിൽ പറഞ്ഞിട്ടുള്ള തിനേക്കാൾ കുറവു മാത്രം മരുന്നു വാങ്ങുവാൻ പ്രസ്തുത കോർപ്പറേഷൻ തീരുമാനിക്കുന്നത് ഡയറക്ടർമാരുമായി കൂടിയാലോചന നടത്തിയതി ശേഷമാണോ; | ഡി) അതെ. കോർപ്പറേഷൻ പ്രവർത്തനം സംബന്ധി നയപരമായ തീരുമാനങ്ങളെടുക്കുന്ന ഡയറക്ടർ ബേ ാർഡിൽ ഹെൽത്ത് സർവ്വീസസ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ഉൾപ്പെടെ ആരോഗ്യ മേഖലയിലെ പ്രധാന ഉദ്യോഗസ്ഥൻമാരെല്ലാം അംഗങ്ങളാണ്. |
| ഇ) അല്ലെങ്കിൽ എന്തു കൊണ്ടെന്നു വിശദീകരിക്കുമോ? | ഇ) ഡി. യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യ ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *140 — 10.03.2008-ൽ മറുപടിക്ക്

## ധാതുമണൽ ഖനനമേഖലയിലെ വിദേശ നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ബി..രാഘവൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.എളമരം കരീം<br>ബഹു.വ്യവസായ വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) ധാതുമണൽ ഖനനമേഖലയിൽ നൂറു ശതമാനം വിദേശ നിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാനത്തെ പാരിസ്ഥിതിക, വ്യവസായിക, സാമ്പത്തിക മേഖലകളെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) പരിശോധിച്ചു വരുന്നു. |
| (ബി) ധാതുമണൽ ഖനനം സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (ബി) 18.6.2007-ലെ ജി.ഒ (പി) 78/2007/ഐ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2007-ലെ സംസ്ഥാന സർക്കാരിന്റെ വ്യവസായ വാണിജ്യ നയത്തിൽ പന്ത്രണ്ടിലെ രണ്ടാം ഖണ്ഡിക പ്രകാരം ധാതുമണലിന്റെ ഖനനം സംസ്ഥാന/കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി മാത്രമായിരിക്കും. സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി ഖനനം ഒഴിവാക്കണമെന്ന് നിർദ്ദേശിച്ച പ്രദേശങ്ങളിൽ ഖനനം അനുവദിക്കുന്നതല്ല. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം പ്രോൽസാഹിപ്പിക്കും എന്നതാണ് സർക്കാർ നയം. |

| | |
|---|---|
| (സി) ധാതുമണൽ ഖനനം സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ തീരുമാനം തിരുത്തുന്നതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ ? | (സി) സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 141 | 10.3.2008 ന് മറുപടിക്ക് |
|---|---|

## ഔഷധ വിപണിയിൽ മാഫിയ സംഘം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. എം.എം. മോനായി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സംസ്ഥാനത്ത് ഔഷധ വിപണിയെ നിയന്ത്രിക്കുന്ന ഒരു മാഫിയാ സംഘം പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;<br>ബി) നീതി മാവേലി മെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നു നൽകുന്നതിൽ നിന്നും ഔഷധ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സംഘടന വിതരണക്കാരെ തടഞ്ഞിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ & ബി)<br><br>ആൾ കേരള കെമിസ്റ്റ്സ് ആൻറ് ഡ്രഗ്ഗിസ്റ്റ്സ് അസോസിയേഷൻ എന്ന സംഘടന സംസ്ഥാനത്തെ നീതി മാവേലി മരുന്നു സ്റ്റോറുകൾക്ക് മരുന്നുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| സി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ സ്വീകരിച്ചനടപടികൾ എന്തെല്ലാമാണ്; | സി) ടി സംഘടനയുടെ ആസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗം റെയ്ഡ് നടത്തുകയും ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് ആക്ട്/ പ്രൈസ് കൺട്രോൾ ഓർഡർ എന്നിവയുടെ ലംഘനങ്ങൾ കണ്ടെത്തുകയും ചെയ്തിരുന്നു. ടി ലംഘനങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ട്. ടി സംഘടന മരുന്ന് വിതരണക്കാരുടേതായി രൂപീകരിച്ച പുതിയ കമ്പനിക്കും സമാന സ്വഭാവമുള്ള മറ്റുകമ്പനികൾക്കു ലൈസൻസ് നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. ടി സംഘടനാ ഭാരവാഹികൾ നടത്തുന്ന സ്ഥാപനങ്ങളുടെ ലൈസൻസുകൾ ചില ക്രമക്കേടുകൾ കണ്ടെത്തിനെത്തുടർന്ന് റദ്ദാക്കിയിട്ടുണ്ട്. |
| ഡി) ചില പ്രത്യേക രോഗങ്ങൾക്ക് ചികിത്സാഫലം വാഗ്ദാനം ചെയ്ത് നിയമവിരുദ്ധ പരസ്യങ്ങൾ നൽകുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ? | ഡി) നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 142 | 10.03.2008 ന് മറുപടിക്ക് |
|---|---|

# ജീവൻ രക്ഷാ ഔഷധങ്ങളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ ഔഷധങ്ങൾ മതിയായ അളവിൽ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഔഷധ ദൗർലഭ്യം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; | എ) സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ ഔഷധങ്ങൾ മതിയായ അളവിൽ ലഭ്യമാണ്. ആശുപത്രികളിൽ ഏതെങ്കിലും മരുന്ന് ലഭ്യമാവാത്ത സാഹചര്യം ഉണ്ടായാൽ അവ ലോക്കൽ പർച്ചേസ് ചെയ്യുവാൻ ആശുപത്രി സുപ്രണ്ടുമാർക്ക് പൂർണ്ണ അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ് വഴിയും ആശുപത്രി വികസന സമിതികൾ വഴിയും മരുന്നുകൾ വാങ്ങി രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| ബി) സർക്കാർ ആശുപത്രികൾ വഴി നൽകുന്ന മരുന്നുകൾക്ക് ഗുണ നിലവാരം കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) ഇല്ല. |
| സി) ഇത്തരത്തിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണ നിലവാരം ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ; | സി) സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യപ്പെടുന്ന മരുന്നുകളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന് സ്ഥിരം സംവിധാനം നിലവിലുണ്ട്. |
| ഡി) ജീവൻ രക്ഷാ ഔഷധങ്ങളുടെ അനിയന്ത്രിത വിലക്കയറ്റം തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ ? | ഡി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ് ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഉത്തരവ് അനുസരിച്ച് വില നിശ്ചയിക്കുന്നത്. അത്തരം മരുന്നുകൾ കൺട്രോൾ ഉത്തരവ് പ്രകാരമുള്ള വിലയ്ക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ മാത്രമേ സംസ്ഥാന സർക്കാരിന് കഴിയുകയുള്ളൂ . |

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 143 10-3-2008 -ൽ മറുപടിക്ക്

## ചിക്കുൻഗുനിയ രോഗബാധിതർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എം.എം. മോനായി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ചിക്കുൻഗുനിയ രോഗം ശമിച്ചെങ്കിലും അനുബന്ധ രോഗങ്ങൾ രോഗ ബാധിതരെ അലട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | എ) ചിക്കുൻഗുനിയ ബാധിച്ചവരെ ആറുമാസം വരെ സന്ധിവേദനയും നീർവീക്കവും അലട്ടാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) അനുബന്ധ രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ സഹായം നല്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ: ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; | ബി) ഇതിലേക്കായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. ചിക്കുൻ ഗുനിയയെ തുടർന്നുള്ള അനുബന്ധ രോഗം ബാധിച്ചവർക്ക് സൗജന്യമായി ചികിത്സ ഹോമിയോ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നല്കിവരുന്നു. |
| സി) ചിക്കുൻഗുനിയ വീണ്ടും പടരാതിരിക്കുന്നതിനും മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) സംസ്ഥാനതലത്തിൽ ആർ.ആർ.ടി (റേപ്പിഡ് റെസ്പോൺസ് ടീം) യോഗം അടിക്കടി കൂടി സ്ഥിതിഗതികൾ വിശകലനം ചെയ്യുകയും, അതനുസരിച്ച് ആവശ്യമായ നിർദ്ദേശം നല്കി ഫലപ്രദമായ രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ ഗൃഹ സന്ദർശനം നടത്തുമ്പോൾ വീട്ടിലും പരിസരത്തും കൊതുകു വളരാനുള്ള സാഹചര്യമുണ്ടോ എന്ന് നിരീക്ഷിച്ച് നിർദ്ദിഷ്ട ഫാറത്തിൽ രേഖപ്പെടുത്തുന്നു. സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊതുകു സാന്ദ്രതാ സൂചകങ്ങൾ നിർണ്ണയിച്ച് ഒരു പ്രദേശത്തെ |

| | |
|---|---|
| | രോഗ വ്യാപന സാദ്ധ്യത മനസ്സിലാക്കി ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നു. ഭവന സന്ദർശനം നടത്തുന്ന വേളയിൽ പനി നിരീക്ഷണവും ആരോഗ്യ പ്രവർത്തകർ നടത്തുന്നുണ്ട്. ജില്ലാതലത്തിലും നഗരസഭാതലത്തിലും ബ്ളോക്ക് പഞ്ചായത്ത് ഗ്രാമ പഞ്ചായത്ത് തലങ്ങളിലും രോഗ നിയന്ത്രണ വിലയിരുത്തൽ സമിതികളും സെല്ലുകളും രൂപീകരിച്ച് കാര്യക്ഷമമായും ശാസ്ത്രീയമായും രോഗ പ്രതിരോധ നിയന്ത്രണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. വാർഡ് തലത്തിൽ വാർഡുതല ആരോഗ്യ ശുചിത്വസമിതികളുടെ മേൽനോട്ടത്തിൽ വേണ്ട നടപടികൾ കൈക്കൊള്ളുന്നു. ഡോക്ടർമാർക്കും പാരാമെഡിക്കൽ ഉദ്യോഗസ്ഥർക്കും അറിവും പ്രവർത്തന പരിചയവും വർദ്ധിപ്പിക്കുവാൻ വേണ്ട പരിശീലനം നൽകിയിട്ടുണ്ട്. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പും ഇതര വകുപ്പുകളും സന്നദ്ധ സംഘടനകളും റസിഡൻറ്സ് അസോസിയേഷനുകളും ജനങ്ങളും യോജിച്ച് പ്രവർത്തിക്കുന്നതിന് ജില്ലാ തലം മുതൽ വാർഡുതലം വരെ ഇൻറർസെക്ടറൽ കോ-ഓഡിനേഷൻ കമ്മിറ്റികൾ കൂടി കൊതുകു നശീകരണ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രദേശത്ത് പെട്ടെന്ന് പനി നിരക്ക് വർദ്ധിക്കുകയോ കൂടുതൽ പേർക്ക് പനി വരികയോ ചെയ്താലുടൻ മേലുദ്യോഗസ്ഥനെ അറിയിക്കുകയും നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. രോഗബാധയുള്ളവർക്ക് മെച്ചപ്പെട്ട ചികിത്സലഭ്യമാക്കുന്നതിനാവശ്യമായ എല്ലാ സാഹചര്യവും പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ലഭ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ചിക്കുൻഗുനിയ സംബന്ധിച്ച് സൗജന്യ രക്ത പരിശോധനയ്ക്ക് സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഡി) സൗജന്യ പരിശോധനയും ചികിത്സയുമാണ് ലഭ്യമാക്കിയിട്ടുള്ളത്. ചിക്കുൻഗുനിയ ബാധിതർ എന്ന് സംശയിക്കുന്നവരിൽ 5-10% പേരുടെ സിറം എടുത്ത് പരിശോധനയ്ക്കായി അയക്കുന്നു. ഒരു പ്രദേശത്ത് ഒരാളുടെ യെങ്കിലും സിറം ചിക്കുൻഗുനിയ ആണ് എന്ന് സ്ഥിരീകരിച്ചാൽ വീണ്ടും ആ പ്രദേശത്ത് നിന്ന് സിറം എടുത്ത് രോഗം സ്ഥിരീകരിക്കാൻ അയയ്ക്കേണ്ടതില്ല. ആ പ്രദേശത്ത് രോഗ നിവാരണ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിയാൽമതി. മെഡിക്കൽ കോളേജുകളിലും ആലപ്പുഴ യിലെ വൈറോളജി ലാബിലും തിരുവനന്ത പുരത്തെ പബ്ളിക് ഹെൽത്ത് ലബോറട്ട റിയിലും പരിശോധന കിറ്റുകൾ കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമ സഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 144 — 10.03.2008 ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതിയുടെ പുരോഗതി

**ചോദ്യം**

ശ്രീ. കെ.സി.ജോസഫ്
ശ്രീ.ജി.കാർത്തികേയൻ
ശ്രീ.എൻ.ശക്തൻ

**മറുപടി**

ശ്രീ. എൻ.കെ പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

**എ.** ജപ്പാൻ ഗവണ്മെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടന്നുവരുന്ന കുടി വെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

**എ.** ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടുന്ന 5 ശുദ്ധജലവിതരണപദ്ധതികളുടെയും പ്രവർത്തനപുരോഗതി താഴെ പറയുന്നു.

1. തിരുവനന്തപുരം നഗരമേഖലയിലെ ശുദ്ധജലവിതരണപദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും 31.51% പുരോഗതി കൈവരിച്ചിട്ടുണ്ട്.
2. കൊല്ലം ജില്ലയിലെ മീനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്രശുദ്ധജലവിതരണപദ്ധതി 34.98% പുരോഗതി കൈവരിച്ചിട്ടുണ്ട്.
3. ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്രശുദ്ധജലവിതരണപദ്ധതി 28.74% പുരോഗതി കൈവരിച്ചിട്ടുണ്ട്.
4. കോഴിക്കോട് നഗരമേഖലയ്ക്കും സമീപപഞ്ചായത്തുകൾക്കുമുള്ള ശുദ്ധജലവിതരണപദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും 27.41% പുരോഗതി കൈവരിച്ചിട്ടുണ്ട്.
5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്രശുദ്ധജലവിതരണപദ്ധതി 26.04%. പുരോഗതി കൈവരിച്ചിട്ടുണ്ട്.

**ബി.** ഇതിലേയ്ക്കായി എത്ര കോടി രൂപയാണ് ജപ്പാൻ ഗവണ്മെന്റ് നൽകുന്നതെന്നും ഇതിന്റെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

**ബി.** 2589.90 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 2164 കോടി രൂപ വരെ ജെ.ബി.ഐ.സി വായ്പയായി ലഭിക്കും.

ഇതിന്റെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നു.

1. ഒന്നാം ഘട്ട വായ്പയ്ക്ക് 2.1% വും രണ്ടാം ഘട്ട വായ്പയ്ക്ക് 1.3% വും ആണ് വാർഷിക പലിശ നിരക്ക്
2. ഒന്നാം ഘട്ട വായ്പ 3.6.2008 നു മുൻപും രണ്ടാം ഘട്ട വായ്പ 11.7.2012 നകവും വാങ്ങിയിരിക്കണം.
3. വായ്പ തിരിച്ചടക്കേണ്ട കാലാവധി 10 വർഷത്തെ ഗ്രേസ് പിരീഡിനുശേഷം 20 വർഷമാണ്.
4. വായ്പ തുക മതിയാകാതെ വന്നാൽ ബാക്കി വരുന്ന തുക കണ്ടുപിടിക്കേണ്ടത് ബോറോവറിന്റെ ചുമതലയാണ്.
5. പദ്ധതിനടത്തിപ്പിനായി കൺസൾട്ടന്റിനെ നിയമിക്കണം.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 145 — 10.3.2008-ലെ മറുപടിക്ക്

ഇടുക്കിയിലെ സ്പൈസസ് പാർക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ..സി.രാജഗോപാലൻ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) ഇടുക്കി ജില്ലയിൽ ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം സ്പൈസസ് ബോർഡും കിൻഫ്രയും ചേർന്ന് 13.2.07 ന് ഒപ്പു വച്ചു. |
| (ബി)ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) സ്പൈസസ് പാർക്ക് രണ്ടു ഘട്ടങ്ങളിലായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br>(1) പ്രീ പ്രോസസിംഗ് സെന്റർ<br>(2) വാല്യൂ അഡിഷൻ സോൺ<br>സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യഭൂമി കണ്ടെത്തുന്നതിന് കിൻഫ്ര ഒരു ടെക്നിക്കൽ ടീമിനെ നിയമിച്ചിരുന്നു. പ്രസ്തുത ടീമിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രീ പ്രോസസിംഗ് സെന്ററിന് ഇടുക്കി ജില്ലയിലെ കൽക്കുന്തൽ വില്ലേജിൽ 100 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | |
|---|---|
| | വാല്യു അഡിഷൻ സോൺ സ്ഥാപിക്കുന്നതിനായി ഇടുക്കി ജില്ലയിലെ മുട്ടം വില്ലേജിൽ 100 ഏക്കർ ഭൂമി ഏറ്റെടുക്കണമെന്ന കിൻഫ്രയുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ഏതെല്ലാം കമ്പനികളും സ്ഥാപനങ്ങളുമാണ് സ്പൈസസ് പാർക്കിൽ സ്ഥാപനങ്ങൾ തുടങ്ങുവാൻ മുന്നോട്ടു വന്നിട്ടുള്ളത്;<br><br>(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ഏലം, കുരുമുളക് തുടങ്ങിയവയുടെ കൃഷിക്കും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) യും (ഡി) യും<br>സ്പൈസസ് പാർക്കിൽ സുഗന്ധ വ്യഞ്ജന മൂല്യ വർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളാണ് കിൻഫ്രയും സ്പൈസസ് ബോർഡും സംയുക്തമായി ആരംഭിക്കുന്ന പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിയ്ക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു.<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമ സഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 146 | 10.03.2008 ൽ മറുപടിക്ക്

## ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കമ്മിറ്റ്മെന്റ് ചാർജ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| **എ.** ജപ്പാൻകുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഈ വർഷത്തേക്ക് എത്ര തുകയാണ് ലഭിച്ചത്;<br><br>**ബി.** അതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചു; | **എ.& ബി** ജപ്പാൻ കുടിവെള്ള പദ്ധതിക്ക് ഈ വർഷം 600 കോടി രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് ചെലവഴിക്കുന്ന തുകയാണ് വായ്പയായി ലഭിക്കുന്നത്. ഈ വർഷം ഈ ഇനത്തിൽ 272.76 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതുവരെ 343.64 കോടി രൂപ ചെലവഴിച്ചു. ബാക്കി തുകയ്ക്കുള്ള റീ ഇംപേഴ്സ്മെന്റ് പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| **സി.** ബാക്കി തുക ചെലവഴിക്കുന്നതിൽ ഉണ്ടായിട്ടുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; | **സി.** ബാധകമല്ല. |
| **ഡി.** ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയിൽ ചെലവഴിക്കാതെ വരുന്ന തുകയ്ക്ക് കമ്മിറ്റ്മെന്റ് ചാർജ്ജ് കൊടുക്കേണ്ടതുണ്ടോ, എങ്കിൽ അതിന്റെ തോതെത്രയാണ്; | **ഡി.** കരാർ അനുസരിച്ച് ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്ക് ചെലവഴിക്കാതെ വരുന്ന തുകയ്ക്ക് കമ്മിറ്റ്മെന്റ് ചാർജ്ജിന് വ്യവസ്ഥയില്ല. |
| **ഇ.** ഈ വർഷം ഈയിനത്തിൽ കൊടുക്കേണ്ടതായി വരുന്ന തുക എത്ര? | **ഇ.** ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147 | | 10.03.2008 -ൽ മറുപടിക്ക് |
|---|---|---|
| | **അംഗൻവാടി കാര്യകർത്രി ബീമായോജന** | |
| | ചോദ്യം | ഉത്തരം |
| ശ്രീ. രാജാജി മാത്യുതോമസ്<br>ശ്രീമതി.ഇ.എസ്.ബിജി മോൾ<br>ശ്രീ.ബാബു പോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ.വി.എസ്. സുനിൽ കുമാർ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് അംഗൻവാടി കാര്യകർത്രി ബീമായോജന എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) 18 നും 59നും മദ്ധ്യേ പ്രായമുള്ള അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ഈ പദ്ധതി പ്രകാരം ഓരോ വിഭാഗത്തിനും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (സി) പദ്ധതിയിൽ അംഗമായിട്ടുള്ള ഒരു അംഗൻവാടി വർക്കറോ ഹെൽപ്പറോ അംഗമായതിന് ശേഷം സ്വാഭാവിക മരണം നേരിട്ടാൽ അനന്തരാവകാശികൾക്ക് 30,000/- രൂപയും അപകടം മൂലം മരണമോ, സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യമോ ഉണ്ടായാൽ 75,000/- രൂപയും സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് 37,500/- രൂപയും, ബ്രസ്റ്റ് ക്യാൻസർ, ഓവറിയൻ ക്യാൻസർ, ഫാലോപ്യൻ ക്യാൻസർ, സെർവിക്കൽ ക്യാൻസർ, യൂട്രിനൽ ക്യാൻസർ, വജൈനൽ/വൾവർ ക്യാൻസർ ഇവ സംഭവിച്ചാൽ 20,000/- രൂപയും നൽകി വരുന്നു. ഇതിനു പുറമെ അംഗങ്ങളുടെ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 2 കുട്ടികൾക്ക് ഒരു വർഷം 1200/- രൂപ നിരക്കിൽ സ്കോളർഷിപ്പും നൽകിവരുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | ഈ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് പ്രീമിയം അടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) 280/- രൂപ പ്രീമിയമുള്ള പദ്ധതിയിൽ അംഗത്തിന്റെ വിഹിതം 80/- രൂപയാണ്. ബാക്കി തുക കേന്ദ്രസർക്കാരും എൽ.ഐ.സിയും തുല്യമായി വഹിക്കുന്നു. എന്നാൽ 2007 ഏപ്രിൽ മുതൽ 2009 മാർച്ച് വരെ അംഗത്തിന്റെ വിഹിതമായ 80/- രൂപ അടയ്ക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 148 — 10-3-2008 -ൽ മറുപടിക്ക്

## തീരദേശ ആശുപത്രികളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സുനാമി പുനരധിവാസ ഫണ്ട് ഉപയോഗിച്ച് തീരദേശങ്ങളിലെ ആശുപത്രികൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; എത്ര ആശുപത്രികളാണ് നവീകരിക്കാൻ പദ്ധതിയിട്ടിട്ടുള്ളത്. | ബി) സുനാമി പുനരധിവാസ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ, നവീകരണം, ഉപകരണങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുക എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ളത്. തീരപ്രദേശങ്ങളിലെ 126 ആശുപത്രികളാണ് നവീകരിക്കുവാൻ പദ്ധതിയിട്ടിട്ടുള്ളത്. |
| (സി) ഇതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. | സി) 73.55 കോടി രൂപ |
| ഡി) പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | ഡി) 2009 മാർച്ച് 31 നകം പൂർത്തീകരിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 149

10.3.2008-ൽ മറുപടിക്ക്

ആലപ്പുഴ കെ.എസ്.ഡി.പി ലാഭകരമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം.എ. വഹീദ് | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനമായ ആലപ്പുഴ കെ.എസ്.ഡി.പി ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; ഇതിനുള്ള കാരണം വിശദമാക്കുമോ? | (എ) കെ.എസ്.ഡി.പിയ്ക്ക് പ്രവർത്തന ലാഭമുണ്ടെങ്കിലും പൊതുവെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കമ്പനിയുടെ സാമ്പത്തിക പരാധീനതയും പ്രവർത്തന മൂലധനത്തിൻെറ അഭാവവുമാണ് ഇതിനുള്ള പ്രധാന കാരണം. |
| (ബി) ഈ സ്ഥാപനത്തെ മറ്റേതെങ്കിലും സ്വകാര്യ ഔഷധ നിർമ്മാണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) പരിഗണനയിലില്ല. |
| (സി) ആരോഗ്യ വകുപ്പിൻെറ നിയന്ത്രണത്തിൽ ജീവൻ രക്ഷാ ഔഷധങ്ങൾ നിർമ്മിച്ച് വിതരണം നടത്തി കെ.എസ്.ഡി.പി യെ ലാഭകരമാക്കാനുള്ള നിർദ്ദേശം പരിഗണിക്കുമോ? | (സി) കെ.എസ്.ഡി.പി യെ ലാഭകരമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150 — 10.03.2008-ൽ മറുപടിക്ക്

## ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ:<br>പ്രൊഫ.എൻ.ജയരാജ്: | ശ്രീ. മാത്യു ടി. തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, മണ്ണന്തല, വാഴൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ പ്രസ്സുകളിൽ നവീകരണത്തിന്റെ ഭാഗമായി ഓഫ്സെറ്റ് അച്ചടി യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ബ്രാഞ്ച് പ്രസ്സുകളിൽ ലെറ്റർ പ്രസ്സ് കംപോസിംഗ് മാറ്റി ഡി.റ്റി.പി സിസ്റ്റവും മണ്ണന്തല പ്രസ്സിൽ ലോട്ടറി അച്ചടിയിൽ നംപറിംഗ് സംവിധാനവും, ആധുനിക രീതിയിൽ കംപ്യൂട്ടർവൽക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആഴ്ച തോറും പ്രസിദ്ധീകരിക്കുന്ന ഗസറ്റ്, ഇൻറർ നെറ്റിൽ നൽകിവരുന്നു. ടെക്സ്റ്റ് ബുക്കുകൾ, ലോട്ടറി ടിക്കറ്റുകൾ തുടങ്ങിയവ സമയബന്ധിതമായി അച്ചടിച്ചു നൽകുന്നതിനായി ആധുനിക മൾട്ടികളർ 'വെബ് ഓഫ് സെറ്റ് മെഷീൻ മണ്ണന്തല പ്രസ്സിൽ സ്ഥാപിക്കുന്നതിനും മുഴുവൻ പ്രസ്സുകളിലും ലെറ്റർ പ്രസ്സ് കംപോസിംഗ് മാറ്റി ഡി.റ്റി.പി നടപ്പിൽ വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നിലവിലുള്ള പ്രസ്സുകൾ വിപുലപ്പെടുത്തി പാഠപുസ്തകം ഉൾപ്പെടെയുള്ള സർക്കാർ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) സർക്കാർ പ്രസ്സുകളെ ഏൽപ്പിക്കുന്ന പാഠപുസ്തകം, സർക്കാർ പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ അച്ചടി ജോലികൾ സമയ ബന്ധിതമായി ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ആഫീസർ